വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൨.) ഫൻസം ഫെബ്രുവരി (ലക്കം ൨.

License No 183.

വിഷയവിവരണിക.

ക. മാർയൌസേപ്പുപിതാവിന്റെ ജീവചരിത്രം.
സി. വ. ദി. ശ്രീ. കാളാശേരി ജെയിംസു മെത്രാന
ച്ചൻ തിരുമനസ്സുകൊണ്ട്.

ഖ. ശുദ്ധീകരണതിരുനാൾ.
റവ. ഫാദർ കെ. സി. ചാണ്ടി ബി. എ. എൽ. റ്റി.

ഗ. റഷ്യയിലെ മതപീഡനം.
റവ. ഫാ. ഡ്യൂസിഡ് ടി. ഒ. സി. ഡി: പി.എച്ച്.ഡി
(ഡി. ഡി. ഡി. സി. എൽ.

ഘ. പ്രശ്നോത്തരങ്ങൾ.

ങ. ചിന്താവിഷയം.
റവ. ഫാദർ ജോർജ്ജ് വയലിൽ (വിശാഖപട്ടണം.)

ച. റോസമ്മയുടെ ഭാഗ്യം
റവ. ഫാദർ സഖറിയാസു പൂവത്തിങ്കൽ

ഛ. പത്താം പീയൂസു് മപ്പാപ്പാ.
റവ. ജോസഫ് വട്ടക്കുഴി.

ജ. മഗ്ദലന മറിയം
മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

ഝ. തിരുഹൃദയവാഗ്ദാനവ്യാഖ്യാനം
ജോസു് എൽ. ശമ്മാശു് മാവുങ്കൽ.

ഞ മൂർത്തു്.
റവ. ഫാ. സിറിയക്കു് കാപ്പിൽ പി. എച്ച്. ഡി.
എസ്. റ്റി. എൽ.

ട. ജപമാലസ്തോത്രസഖ്യം
റവ. ഫാദർ മാത്തു അമലക്കുളം.

ഠ. വർത്തമാനക്കുറിപ്പുകൾ.

ഡ. ചരമവാർത്തകൾ

ഢ. ഉപകാരസ്മരണ.

ണ. പഞ്ചാംഗം.

ത. പരസ്യങ്ങൾ.

ഫ്രാൻസിസ് മാർപ്പാപ്പ

ബസ്സേലിയോസ് പൗലോസ് പ. കാ. മഹിയം

ഫ്രാൻസിസ് മാർപ്പാപ്പ

മദ്ധ്യസ്ഥൻ.

പുസ്തകം ൨. } ഫൻസ്വം–ഫെബ്രുവരി { ലക്കം ൮.

മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം

അദ്ധ്യായം ൫൦

മാതാപിതാക്കന്മാരുടെ മരണം.

൧. റാക്കേലിന്റെ മരണം.—വിശുദ്ധ യൗസേപ്പിനു ൧൮ വയസ്സായപ്പോൾ തന്റെപ്രിയമാതാവായ റാക്കേലിനു് അപകടകരമായ ദീനം പിടിപെട്ടു. അമ്മ മരിക്കുന്നപക്ഷം ആത്മാവു് ശുദ്ധീകരണസ്ഥലത്തിൽ പോകാതെ നേരിട്ടു് അബ്രാഹത്തിന്റെ മടിയിലേക്കു് പ്രവേശിക്കുന്നതിനുള്ള യോഗ്യത അവൾക്കു് നൽകുന്നതിനു് കൃപയുണ്ടാകണമെന്നു് ദൈവത്തോടു് യൗസേപ്പു പ്രാർത്ഥിച്ചു. ഈ പ്രാർത്ഥന ദൈവം സ്വീകരിക്കാതിരുന്നില്ല. എന്നാൽ ശുദ്ധീകരണസ്ഥലത്തിൽ അവൾ അനുഭവിക്കേണ്ടിയിരുന്ന വേദനയുടെ കടം ഭൂമിയിൽവച്ചുതന്നെവീട്ടുന്നതിനായി റാക്കേൽ ദീർഘനാളത്തേക്കു് രോഗശയ്യയിൽ കിടന്നു് വളരെ ക്ലേശാരിഷ്ടതകൾ സഹിക്കേണ്ടിവന്നു. ഈ അവസരത്തിൽ വിശുദ്ധയൗസേപ്പു് തന്റെ പ്രിയമാതാവിനെശുശ്രൂഷിച്ചിരുന്നതു് എത്രതാല്പര്യത്തോടും സ്ഥിരതയോടും കൂടിയാണെന്നു്, വർണ്ണിക്കുക അസാദ്ധ്യം തന്നെ. രാത്രിമുഴുവനും തുടരെ ഉണർന്നിരുന്നു് അമ്മയെ പരിചരണംകൊണ്ടും അപേക്ഷകൊണ്ടും നമ്മുടെ യൗസേപ്പു സഹായിച്ചിരുന്നു. പുത്രന്റെ ദീനശുശ്രൂഷയാൽ റാക്കേലിനു് ദേഹസുഖം ലഭിച്ചില്ലെങ്കിലും, അവർണ്ണ്യമായ മനഃസുഖം അവൾ അനുഭവിച്ചു. തന്റെ ജീവിതകാലത്തിൽ ചെയ്തിട്ടുള്ള സകലപാപങ്ങളെക്കുറിച്ചും മനസ്സുപൊട്ടികൊണ്ടും, ദീനക്ലേശങ്ങളെ അവയ്ക്കു് പരിഹാരമായി ദൈവത്തിനുകാഴ്ചവെച്ചുകൊണ്ടും, റാക്കേൽ ദിവസേനമരണത്തിനു് ആസ്ഥമായിക്കൊണ്ടിരുന്നു. മരണം സമീപിച്ചതായി യൗസേപ്പു് അറിഞ്ഞപ്പോൾ അമ്മയുടെ പക്കൽ മുട്ടുകുത്തി, ആശീർവ്വാദം അപേക്ഷിക്കയും, കുറഞ്ഞൾക്കു് ക്ഷമായാചനം ചെയ്കയും ചെയ്തു. അവൻ ഇത:പര്യന്തം ജീവിച്ചിരുന്നതിൻവണ്ണം

മേലിലും തുടർന്നുകൊണ്ട് ദൈവത്തെ അധികമധികം സ്നേഹിച്ചുശുശ്രൂഷിക്കണമെന്നും മറ്റും, അമ്മ മകനെഉപദേശിച്ചുകൊണ്ട്, തൻെറ അന്ത്യാശിസ്സ് കൊടുത്തു. അപ്പോൾ യൌസേപ്പ് ഏറ്റവും വലിയ പക്ഷത്തോടുകൂടി റാക്കേലിനെ നോക്കികൊണ്ട് അവൾ മരിച്ചാലുടനെ ശുദ്ധീകരണസ്ഥലത്തിൽ പ്രവേശിക്കാതെ, നേരിട്ടപുണ്യവാന്മാരുടെകൂട്ടത്തിലേക്കു പോകുമെന്ന് സുദൃഢം മാതാവിനെഗ്രഹിപ്പിച്ചു. ഇതു പറയുകയിൽ ഒരു ദിവ്യപ്രകാശം പെട്ടെന്നു യൌസേപ്പിൻെറ മുഖത്തുണ്ടായി. ഈ അത്ഭുതപ്രകാശത്താൽ തൻെറ പുത്രൻെറ വചനത്തെ ദൈവം സ്വീകരിക്കുകയത്രെ ചെയ്തുത്തു എന്ന് റാക്കേൽ മനസ്സിലാക്കിയതിനാൽ അവൾ അത്യധികം തുപ്തി പ്രദർശിപ്പിച്ചുകൊണ്ട്, അന്ത്യശ്വാസം ദൈവത്തിനു സമർപ്പിച്ചു.

വിശുദ്ധ കന്യകമറിയത്തിൻെറ ശുദ്ധീകരണതിരുനാൾ.

ഫെബ്രുവരി ൨-ാംനു-

(റവ. ഫാദർ കെ. സി. ചാണ്ടി ബി. എ. എൽ. റ്റി.

മൂശയുടെ നിയമപ്രകാരം "കടിഞ്ഞൂൽ"ക്കുട്ടി ദൈവത്തിനും ദൈവാലയശുശ്രൂഷ്യക്കും വിശേഷവിധിയായി പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. "സ്ത്രീയുടെ ഗർഭപാത്രത്തെ തുറക്കുന്ന എല്ലാ ആൺകുട്ടിയും കർത്താവിനു വിശുദ്ധനായി വിളിക്കപ്പെടണം"മെന്നായിരുന്നു ആ നിയമം. മെസ്രേമിൻെറ അടിമത്വത്തിൽനിന്ന് ഇസ്രായേലിനു മോചനം നൽകിയതിനാൽ ആ ജനത്തിന്മേൽ ദൈവത്തിനു സിദ്ധിച്ച അവകാശങ്ങളെ നിലനിറുത്തുന്നതിനു ദൈവത്താൽതന്നെ സ്ഥാപിതമായ ഒരു ചടങ്ങായിരുന്നു ഇത്. കാലാന്തരത്തിൽ ലേവിയുടെ കുടുംബത്തെ കടിഞ്ഞൂൽകുട്ടികളുടെ സ്ഥാനത്തു ദൈവശുശ്രൂഷ്യക്കായി എടുത്തിട്ടുണ്ടെങ്കിലും എല്ലാ കടിഞ്ഞൂൽ കുട്ടികളെയും ജനനാനന്തരം ഏതൊരു തുക കൊടുത്തു വീണ്ടെടുക്കേണ്ടതായിരുന്നു. മൂശയുടെ വേറൊരു നിയമം, ആൺകുട്ടികളെ പ്രസവിച്ചാൽ നാല്പതും, പെൺകുട്ടികളെ പ്രസവിച്ചാൽ എൺപതും ദിവസക്കാലത്തേക്ക് സ്ത്രീകയ അശുദ്ധയായി കരുതിയിരുന്നുവെന്നുള്ളതാണ്. ഈ സമയത്തിനകത്തു വിശുദ്ധമായ യാതൊന്നിനെ തൊടുന്നതിനോ വിശുദ്ധസ്ഥലത്തു പ്രവേശിക്കുന്നതിനോ

അവൾക്ക് അനുമതിയുണ്ടായിരുന്നില്ല. നിയമസംബന്ധമായ ഈ അശുദ്ധതയുടെ കാലശേഷം അവൾ ദേവാലയത്തിൽ അൺകൂട്ടിക്കുവേണ്ടി ദഹനബലിയായി ഒരാട്ടിൻകുട്ടിയേയും, സ്വഭാവപരിഹാരത്തിനായി ഒരു ചെങ്ങാലിയേയും സമർപ്പിക്കേണ്ടതായിരുന്നു. ദരിദ്രർ ആട്ടിൻകുട്ടിക്കു പകരം ചെങ്ങാലിയുടെയോ, പ്രാവിൻറെയോ രണ്ടുകുഞ്ഞുങ്ങളെ കാഴ്ചയായി കൊടുത്തിരുന്നു.

ഈശോ ജനിച്ചിട്ടു നാല്പത്തുദിവസങ്ങൾ കഴിഞ്ഞ ശേഷം മാതാവായ വിശുദ്ധമറിയം അങ്ങേ വഹിച്ചുംകൊണ്ടു ഭർത്താവൊരുമിച്ചു ജറുശലേമിലെത്തി ദേവാലയ വാതുക്കൽ ഹാജരായി. അവിടെ "ആദ്യക്കാര"നായ പുരോഹിതൻ വിശുദ്ധകന്യകയെ സ്വീകരിച്ചു ദേവാലയത്തിൽ പ്രവേശിപ്പിക്കയും അനുഗ്രഹിച്ചശേഷം അവളെ ശുദ്ധീകരിക്കയും ചെയ്തു. നിർധനരായിരുന്നതിനാൽ രണ്ടു ചെങ്ങാലിക്കുഞ്ഞുങ്ങളെമാത്രം അവർ കാണിക്കവച്ചു. ആ സമയത്ത് അവിടെ ശിമയോനെന്നൊരു വൃദ്ധനുണ്ടായിരുന്നു. നീതിമാനും പരിശുദ്ധഭക്തനുമായ ഇദ്ദേഹം ഇസ്രായേലിൻറെ ആശ്വാസത്തെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. പരിശുദ്ധാത്മാവ് അവനിലുണ്ടായിരിക്കയും കർത്താവായ മിശിഹായെ ദർശിക്കുന്നതിനു മുമ്പായി മരിക്കയില്ലെന്ന് അദ്ദേഹത്തിനു് ആ അരുപിയിൽനിന്നു വാഗ്ദാനം ലഭിക്കയും ചെയ്തിട്ടുണ്ടായിരുന്നു. പരിശുദ്ധാത്മാവിയുടെ പ്രേരണയാലാണ് അദ്ദേഹം അപ്പോൾ ദേവാലയത്തിൽ വന്നതു്. ഈശോയുടെ മാതാപിതാക്കൾ നിയമാനുസരണം വേണ്ടതു ചെയ്യുന്നതിനായി അങ്ങയെ ദേവാലയത്തിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം ആ കുഞ്ഞിനെ കയ്യിലെടുത്തു ദൈവത്തെ വാഴ്ത്തിപ്പറഞ്ഞു.—"അങ്ങേ വാക്കനുസരിച്ചു് അങ്ങേ ദാസനെ സമാധാനത്തിൽ അയയ്ക്കുന്നു! എന്തുകൊണ്ടെന്നാൽ സകല ജനത്തിനുമായി തയ്യാറാക്കിയ അങ്ങേ അനുഗ്രഹത്തെ ഞാൻ കണ്ടിരിക്കുന്നു. ഈ കുട്ടി പുറജാതികൾക്കായുള്ള വെളിപാടിൻറെ വെളിച്ചവും അങ്ങേ ജനമായ ഇസ്രായേലിൻറെ മഹത്വവുമാകുന്നു." ഈശോയുടെ മാതാപിതാക്കന്മാർ അങ്ങേസംബന്ധിച്ചു പറഞ്ഞ വാക്കുകൾ കേട്ടു് അത്ഭുതഭരിതരായി.

ശിമയോൻ ശിശുവിൻറെ മാതാപിതാക്കളുടെ നേരെ തിരിഞ്ഞു് അവരെ വാഴ്ത്തി അനുമോദിച്ചശേഷം മറിയത്തോടിപ്രകാരം പറഞ്ഞു— "കണ്ടാലും ഈ കുട്ടി ഇസ്രായേലിൽ പലരുടെ വീഴ്ചയും രക്ഷയുമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇവൻ എതിർക്കപ്പെടുന്ന ഒരു ചിഹ്നമായിരിക്കും. പലരുടെയും ഹൃദയങ്ങളിൽനിന്നും ചിന്തകളെ വെളി

പ്പെടുത്തുന്ന ഒരു വാൾ നിന്റെ ചങ്കിനെ പിളർക്കും" ശിമയോനെക്കൂടാതെ അവിടെ അന്നായെന്നു് ഒരു ദീർഘദർശിനിയുമുണ്ടായിരുന്നു. എൺപത്തിനാലുവയസ്സു പ്രായമുള്ള ഈ വൃദ്ധ ഒരു വിധവയും ഏഴുവർഷക്കാലം ഭർത്താവുമായി ഒരുമിച്ചു വിവാഹജീവിതം കഴിച്ചവളുമായിരുന്നു. ദേവാലയത്തിൽനിന്നു മാറാതെ രാത്രിയും പകലും ഉപവാസത്തിലും പ്രാർത്ഥനയിലും അവൾ കർത്താവിനു് ശുശ്രൂഷ ചെയ്തിരുന്നു. ഈ സ്ത്രീയും ഈ സമയത്തുവന്നു മിശിഹായെ സ്തുതിച്ചു പറയുകയും ഇസ്രായേലിന്റെ രക്ഷയെ കാത്തിരുന്നവരോടു് അങ്ങയെക്കുറിച്ചു് അറിയിക്കയും ചെയ്തു. മറിയവും യൗസേപ്പും നിയമപ്രകാരമുള്ളവയെല്ലാം തികച്ച ശേഷം ഗലീലായിലുള്ള അവരുടെ നഗരമായ നസ്രസിലേയ്ക്കു പിൻതിരിഞ്ഞു.

കർത്താവിന്റെ ശൈശവദശയിലെ ഈ സംഭവത്തിൽനിന്നും ചില സംഗതികൾ ഗ്രഹിക്കുന്നതിനായിട്ടുണ്ടു്. ആദ്യമായി പറവാനുള്ളതു നമ്മുടെ രക്ഷകൻ ദേവാലയത്തിൽകൊണ്ടുവരപ്പെട്ട എന്നുള്ളതാണു്. ഇതു് അങ്ങയുടെ പ്രഥമ ദേവാലയപ്രവേശനമായിരുന്നു. പല ദീർഘദർശികളുടെയും പ്രവചനവിഷയമാണിതു്. ഏശയ്യാ, മലാക്കി, അഗോയ്യൂസ് എന്നീ ദീർഘദർശികൾക്കു് ഈ സംഭവത്തെ ദൂരദൃഷ്ടിയിൽ കാണുന്നതിനു ദൈവം അനുവദിക്കയും അവർ ഇതിന്റെ പ്രാധാന്യത്തെ ഗ്രഹിച്ചു് അവരുടെ ദീർഘദർശനങ്ങളിൽ ഇതിനെ കീർത്തിക്കയും ചെയ്തിട്ടുണ്ടു്. ദൈവനിശ്ചയത്തിൽ ഓറശ്ലേമിലാണു മിശിഹാ വെളിപ്പെടുത്തപ്പെടേണ്ടിയിരുന്നതു്. അങ്ങേ പ്രവേശനംമൂലം ജറുശലം ദേവാലയത്തിനു മുമ്പില്ലാത്തതായ ഒരു മഹത്വം വന്നു കഴിഞ്ഞിരിക്കുന്നു. ദൈവമെന്ന നിലയിൽ അതുവരെ അങ്ങുന്നു് അവിടെ വസിച്ചിരുന്നു. ഈ ദേവാലയം തന്നെ അങ്ങേയ്ക്കായി സ്ഥാപിക്കപ്പെട്ടിരുന്നു. ഇന്നിപ്പോൾ മനുഷ്യനെന്ന നിലയിൽ അങ്ങുന്നു് അതിൽ പ്രവേശിക്കുന്നു. എന്നാൽ ഒരു സാധാരണ യഹൂദനെപ്പോലെ ആരാധിക്കുന്നതിനു മാത്രമല്ല അങ്ങുന്നു് അതിൽ കയറിയതു്. പിന്നെയൊ അതിനെ കൈവശപ്പെടുത്തി അവിടെ ഭരണം നടത്തുന്നതിനു കൂടിയാണു്. മൂശയെപ്പോലെ ഒരു ഭൃത്യന്റെ നിലയല്ല പുത്രനും അവകാശിയും ഉടമസ്ഥനും എന്ന നിലയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. പിതാവിന്റെ നാമത്തിൽ അധികാരം നടത്തി അങ്ങയേതന്നെ വെളിപ്പെടുത്തുന്നതിനാണു് അങ്ങു വന്നിരുന്നതു്. അങ്ങെ പരസ്യജീവിതത്തിൽ ഈവിധമാണു് അങ്ങുന്നു പ്രവർത്തിച്ചിട്ടുള്ളതും.

[ശേഷം 227-ാം പക്ഷത്തിൽ]

റഷ്യയിലെ മതപീഡനം.

അഥവാ.

ധീരനായ ഒരു മെത്രാൻ.

റവ. ഫാദർ പ്ളാസ്ഡ് ടി. ഒ. സി. ഡി.
പി. എച്ച്. ഡി. ഡി. ഡി; ഡി. സി. എൽ.

റഷ്യയിലെ ബോൾഷെവിക്കു ഭരണം മാതൃകായോഗ്യമെന്നും അവിടെ യാതൊരുവിധ മതപീഡനവും ഉണ്ടാകുന്നില്ലെന്നും ബോൾഷെവിക്ക് ആദർശങ്ങളോട് ആനുകൂല്യം പ്രദർശിപ്പിക്കുന്ന ചില ഇൻഡ്യൻ പത്രങ്ങൾ ഘോഷിക്കാറുണ്ട്. ബോൾഷെവിക്കു തത്വങ്ങൾ സുബുദ്ധിക്കു യോജിക്കാത്തവയും പ്രവൃത്തിയിലാക്കുവാൻ അസാദ്ധ്യങ്ങളുമാണെന്നു റഷ്യയിലെ ഇപ്പോഴത്തെ പരിതാപകരസ്ഥിതിതന്നെ വിശദമാക്കുന്നു. അവിടെ മതപീഡനമില്ലെന്നു പറഞ്ഞു പരത്തുക മഹാ അബദ്ധമാണ്. കീവ് സൊറാമിർ എന്ന രണ്ടു വമ്പിച്ച പ്രവശ്യകൾ ഭരിച്ചിരുന്ന ഒരു മെത്രാന്റെ അനുഭവം റഷ്യൻഗവർമ്മെണ്ടു ദൈവത്തോടും മതത്തോടും അനുവർത്തിക്കുന്ന നയം ഏതുതരത്തിലുള്ളതാണെന്നു നമ്മെ ധാരാളം മനസ്സിലാക്കുന്നുണ്ട്. ദൈവമെന്ന പേരുതന്നെ റഷ്യൻനേതാക്കന്മാർക്ക് അസഹനീയമാണ്. ഒരു പ്രത്യേക മതത്തോടോ മതാവലംബികളോടോ അല്ല അവരുടെ ശത്രുത. ദൈവത്തിനു വിരോധമായുള്ള ഒരു യുദ്ധത്തിനു തന്നെയാണ് അവർ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ദൈവമെന്നോ മതമെന്നോ ഒന്നും ആരും പ്രസംഗിക്കയാകട്ടെ പഠിപ്പിക്കയാകട്ടെ ചെയ്യുകൂടാ. പന്ത്രണ്ടു വയസ്സു തികയുന്നതിനു മുൻപു കുട്ടികൾ ദൈവമെന്ന നാമംപോലും കേൾക്കുവാൻ ഇടവരാത്ത സാഹചര്യങ്ങളിൽ അവരുടെ വിദ്യാഭ്യാസം നടത്തണം എന്നിപ്രകാരമുള്ള നിയമങ്ങളാണ് റഷ്യയിൽ അവർ നടപ്പാക്കുവാൻ ശ്രമിക്കുന്നത്.

നാമമാത്രം ക്രിസ്ത്യാനികളായിരുന്ന യെഹൂദന്മാരായ സീസുക്കാർ പലരും ബോൾഷേവിക്കു നേതാക്കന്മാരുടെ ഹിതാനുസരണം പ്രവർത്തിക്കയാൽ ഇപ്പോൾ അവിടെ ബോൾഷെവിക്ക് ആദർശപ്രകാരം ജീവിക്കുന്ന ഒരുകൂട്ടം "ഓത്തൊഡോക്സ്" എന്നൊരുനൂതനസഭ ഉണ്ടായിട്ടുണ്ട്. ഈ സഭാംഗങ്ങൾ ബോൾഷെവിക്ക് ആദർശപ്രകാരം ജീവിക്കുന്ന ഒരുകൂട്ടം സീസുക്കാരാണ്. അവർക്കു പട്ടക്കാരും മെത്രാന്മാരും പള്ളികളും ഉണ്ടെങ്കിലും ബോൾഷെവിക്കു നേതാക്കന്മാരോ

ടൊപ്പം അവരും ദൈവത്തെ ശപിക്കുന്നവരായി തീർന്നിരിക്കുന്നു. അതിനാൽ അവർക്ക് ഗവർമ്മെണ്ടിൽനിന്നു യാതൊരു ശല്യവും സഹിക്കേണ്ടതായിട്ടില്ല. അവിടെയുള്ള യൂദന്മാർ ഈശ്വരാസ്തിക്യത്തിൽ വിശ്വാസമില്ലാത്തവരാകയാൽ അവർ ബോൾഷെവിക്കു നേതാക്കന്മാരുടെ പ്രീതിക്കു് ഏറെക്കുറെ പാത്രീഭവിച്ചാണിരിക്കുന്നതു്. എന്നാൽ അവിടെയുള്ള കത്തോലിക്കർ യൂദന്മാരെപ്പോലെ ദൈവാസ്തിക്യം നിഷേധിക്കുന്നവരോ, ഓർത്തോഡോക്സ് സിസ്മക്കാരെപ്പോലെ വിശ്വാസവിഷയകമായി വിട്ടുവീഴ്ച ചെയ്യുന്നവരോ അല്ല. അതുകയാൽ അവർ വസ്തുനഷ്ടവും മാനഹാനിയും ജീവനാശവും പ്രതിദിനമെന്നോണം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ബോൾഷെവിക്കുകാരിൽനിന്നു തടവുശിക്ഷയും ദേഹദണ്ഡവും ദീർഘനാളത്തേക്കു് അനുഭവിക്കയും അവരാൽ മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്ത ധീരനായ സീപ്ളാക്സ് മെത്രാപ്പോലീത്തായുടെ ചരിത്രം നമ്മുടെ നാട്ടിൽ കുറെയെല്ലാം അറിയപ്പെട്ടിട്ടുണ്ടു്. മോൺ സിഞ്ഞോർ സീപ്ളാക്സിനെപ്പോലെതന്നെ ബോൾഷെവിക്കു് ഉപദ്രവങ്ങൾ സഹിച്ചിട്ടുള്ള വേറൊരു മെത്രാന്റെ അനുഭവത്തെയാണു മുകളിൽ സൂചിപ്പിച്ചിരിക്കുന്നതു്. സീപ്ളാക് പിനോട്ട് ഒരുമിച്ചു് ഈ മെത്രാനും തടവുശിക്ഷയ്ക്കും മരണശിക്ഷയ്ക്കും അഞ്ചാറു പ്രാവശ്യം വിധിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കീഴ്ജന്മായിരുന്ന ൯൭ പട്ടക്കാരിൽ ൫൩-പേർ നിർദ്ദയം കൊല്ലപ്പെട്ടു. ശേഷിച്ചവരിൽ നാന്നൂറു പേർ നാടുവിട്ട് ഓടിപ്പോയി. ൧൨ പേർ വേഷംമാറി സഞ്ചരിച്ചു് രഹസ്യത്തിൽ വൈദികവൃത്തി നടത്തി വരുന്നു. വികാരി ജനറാൽ ഇപ്പോഴും തടവിൽ കിടക്കുന്നു. ശത്രുക്കളുടെ ഉപദ്രവം വർദ്ധിച്ചതോടെ മെത്രാനു പരസ്യമായി ദിവ്യകർമ്മങ്ങൾ നടത്തുവാൻ പാടില്ലാതായി. ഒരു ദിവസം പള്ളിവാതിലുകൾ അടച്ചിട്ടുകൊണ്ടു് അദ്ദേഹം മുമ്പിലത്തെ ഒപ്പുശ്മാ കൊടുക്കുകയായിരുന്നു. എങ്ങിനെയൊ അകത്തു കയറിപ്പറ്റിയിരുന്ന ഒരു ദുഷ്ടൻ മെത്രാന്റെ തലയെ ലാക്കാക്കി കയ്യിലുണ്ടായിരുന്ന വടികൊണ്ടു് ഒന്നടിച്ചു. അടി കഴുത്തിൽ തട്ടുകയാൽ മെത്രാൻ ഉടൻതന്നെ നിലംപതിച്ചു. കൂടിനിന്നിരുന്ന ജനങ്ങൾ പ്രതികാരത്തിനൊരുമ്പെട്ടപ്പോൾ "വാത്സല്യമക്കളെ മിശിഹായെപ്രതി ക്ഷമിക്കണം" എന്നുപറഞ്ഞു അദ്ദേഹം അവരെ വിലക്കുകയുണ്ടായി. ഈ വിധത്തിലുള്ള അനുഭവങ്ങൾ ഭയന്നു കർബാന ചൊല്ലിയിരുന്ന സ്ഥലവും സമയവും അദ്ദേഹം ദിവസംപ്രതി മാറിയിരുന്നു. പലപ്പോഴും മണിമാളികയുടെ മുകളിലായിരുന്നു അദ്ദേഹത്തിന്റെ കർബാന. മത പീഡനം ശക്തിപ്പെട്ട അവസരത്തിൽ പ

ള്ളികളിൽ സ്ഥാനസന്ദർശനം നടത്തി വിശ്വാസികളെ ധൈര്യപ്പെടുത്തുകയും വിശ്വാസത്തിൽ അവരെ സ്ഥിരപ്പെടുത്തുകയുമാണ് അദ്ദേഹം ചെയ്തിരുന്നത്. (Viriliter age) "ആണത്തത്തോടെ പ്രവർത്തിക്കുക" എന്ന തന്റെ മുദ്രാവാക്യത്തിനു അനുരൂപമായി സദാ അദ്ദേഹം പ്രവർത്തിച്ചിരുന്നു. രൂപതാ വക യായ സെമിനാരി യൂദന്മാക്കു വിട്ടുകൊടുക്കണമെന്നുണ്ടായ ഗവണ്മെണ്ടുത്തരവ് അനീതിപരമാണെന്ന് അദ്ദേഹം സധൈര്യം വാദിച്ചു. "ബലം പ്രയോഗിച്ചുകൊണ്ടു ചിലതെല്ലാം സാധിക്കാൻ നിങ്ങൾക്കു കഴിഞ്ഞേക്കാം. മനസ്സാലെ ഈ മാതിരി അന്യായങ്ങൾക്കും അക്രമങ്ങൾക്കും ഞാൻ വശംവദനാകുകയില്ല" എന്നായിരുന്നു ഈ മെത്രാന്റെ പ്രത്യുത്തരം. ജീവനോടെങ്കിലും ജീവൻ കളഞ്ഞെങ്കിലും അദ്ദേഹത്തെ പിടിക്കുടണമെന്നു ബോൾഷെവിക്കുകാർ ഉറച്ചു. പട്ടക്കാരോടെന്നപോലെ മെത്രാനോടും കടുംകയ്യു പ്രയോഗിക്കുമെന്നു അവർ വിളംബരം ചെയ്തു. വിശ്വസ്ഥരായ ജനങ്ങൾ വീട്ടം വസ്തുക്കളും ഇട്ടെറിഞ്ഞശേഷം മെത്രാസനാരമനയുടെ ചുറ്റും കാവലായി. തങ്ങളുടെ വാത്സല്യ പിതാവിനെ ശത്രുക്കൾ പിടിക്കാതിരിക്കുവാൻ വേണ്ട കരുതലുകളെല്ലാം അവർ ചെയ്തു. ഈ സ്ഥിതി ഒന്നരണ്ടു മാസത്തോളം നീണ്ടുനിന്നു. ഒരവസരത്തിൽ ശത്രുക്കളെ ഭയന്നു മെത്രാനും സെക്രട്ടറിയും ഒരു സിമിത്തേരിയിലുള്ള കല്ലറക്കകത്തു അഭയം പ്രാപിച്ചു.

അവിടെ അദ്ദേഹം ആറുദിവസത്തേക്ക് പുല്ലും ഇലയും മാത്രമാണ് ഭക്ഷിച്ചിരുന്നത്. മൂന്നാമുദിവസം കഴിഞ്ഞപ്പോൾ സെക്രട്ടറി പുറത്തിറങ്ങി. ഉടൻതന്നെ ശത്രുക്കൾ അദ്ദേഹത്തെ കൊന്നു നാലായി വെട്ടിമുറിച്ചു തെരുവുകളിൽകൂടി വലിച്ചുകൊണ്ടുനടന്നു. ഇതെല്ലാമറിഞ്ഞു മെത്രാൻ അവിടെ നിന്നു ഒരുപ്രകാരം രക്ഷപെട്ടു. മതതത്വങ്ങൾസംബന്ധിച്ചു പരസ്യമായിപ്രസംഗിക്കുവാനുംകീഴുള്ളവരെവിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും അദ്ദേഹം സദാ അവസരം നോക്കി പ്രവർത്തിച്ചിരുന്നു. പരിശുദ്ധപിതാവു ഫ്രാൻസീയൂസു മാപ്പിപ്പാ അദ്ദേഹത്തെ റഷ്യയിൽനിന്നു വിളിച്ചു റോമായിൽ താമസിപ്പിച്ചതുവരെ അദ്ദേഹം ദൈവത്തിനും മതത്തിനും വേണ്ടി ബോൾഷെവിക്കുകാരോടു് സധൈര്യം മല്ലിട്ടുകൊണ്ടിരുന്നു. തന്റെ രൂപതയിലെത്തി സത്യവേദത്തെപ്രതി ആയുസ്സിനെപോലും ബലികഴിക്കുവാനുള്ള ധീരമനസ്ഥിതിയാണ് ഇന്നും ഈ മെത്രാനുള്ളത്. ലക്ഷപ്രഭുവായിരുന്നഅദ്ദേഹത്തിന്റെ വസ്തുക്കൾ എല്ലാംശത്രുക്കൾ അപഹരിച്ചെടുത്തുകളഞ്ഞു. സ്വ

നുഭവങ്ങൾ എല്ലാം ഇതെഴുതുന്ന ആളെ പലപ്പോഴും വിവരമായി അ
ട്ടേഹം പറഞ്ഞുകേൾപ്പിച്ചിട്ടുണ്ട്. ഒരുപ്രഭുകുടുംബാംഗമായ ധീരനാ
യ ഈ മെത്രാന്റെ പേരു് ഇഗ്നേഷ്യസ് ദുബു് ദുബോസ്ക്കി എന്നാ
കുന്നു.

പ്രശ്നോത്തരങ്ങൾ.


ചോ—പുരോഹിതന്മാർ ദൈവാരാധനാവസരങ്ങളിൽ ഉപയോ
ഗിക്കുന്നതിനായി കത്തോലിക്കസഭ നിർദ്ദേശിച്ചിരിക്കുന്ന തിരുവസ്ത്ര
ങ്ങൾ അനാവശ്യവും ആഡംബരത്തിനായിമാത്രം ഉള്ളതുമല്ലേ? അതു
പിതാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്നല്ലെ മിശിഹാ
ഉപദേശിക്കുന്നതു്?

ഉ—ദൈവത്തെ സത്യമായും അതുപിക്കുത്തവിധത്തിലുംആണു്
ആരാധിക്കേണ്ടതു്. അപ്രകാരമല്ലാത്ത ആരാധനയ്ക്കു് യാതൊരു വില
യുമില്ല. എന്നാൽ അതുകൊണ്ടുമാത്രം മതിയായില്ല. മനുഷ്യൻ അതു
പിയല്ലല്ലൊ. നമുക്കു ശരീരവുംകൂടിയുള്ള സ്ഥിതിക്കു നമ്മുടെ ബാഹ്യ
മായുള്ള വണക്കം ദൈവം ആവശ്യപ്പെടുന്നില്ലെന്നൊ, ആവശ്യപ്പെടാ
തെന്നോ ആക്കം വാദിക്കുവാൻ പാടുള്ളതല്ല. ശരീരവും അതിനടുത്ത
വയും ദൈവത്തിൽനിന്നതന്നെ നമുക്കു ലഭിച്ചിട്ടുള്ളവയാണ്. ആത്മാ
വു് എപ്രകാരം ദൈവത്തിന്റേതാണോ അപ്രകാരംതന്നെ ശരീരവും.
അതിനാൽ ബാഹ്യപ്രവൃത്തികളും അതിനടുത്ത ചടങ്ങുകളും ദൈവാ
രാധനയിൽ പങ്കുകൊള്ളേണ്ടവതന്നെ. മനുഷ്യനെ ഒരു "സാമുദായി
ക ജീവി"യായിട്ടു സൃഷ്ടിച്ച ദൈവം മനുഷ്യരക്ഷയ്ക്കും ദൈവാരാധന
യ്ക്കുമായി ഒരു സാമുദായികസ്ഥാപനമാകുന്ന സഭയെ തന്നെയാണു ലോ
കത്തിനു പ്രദാനം ചെയ്തിരിക്കുന്നതു്.

സഭ വഴിയായി മനുഷ്യർക്കു് സിദ്ധിക്കുന്ന ദൈവദാനങ്ങൾ, അ
ഗോചരങ്ങളെങ്കിലും, ഗോചരമായ ബാഹ്യപ്രവൃത്തികളും ചടങ്ങുകളും
വഴിയായിട്ടാണല്ലൊ അവ നമുക്കു സിദ്ധിക്കുന്നതു്. ദൈവവരപ്രസാദം
തരുന്ന ക്രിയാശകൾ എല്ലാം തന്നെ ഓരോ വിധ ബാഹ്യചടങ്ങുകളിലൂ
ടെയാണു് അനുഷ്ഠിക്കപ്പെടുന്നതു്. അതിനാൽ വെറും അതുപിയുടെത്ത
ഒരാരാധനയുടെ മാത്രമല്ല നാം മുമ്പിലപ്പെട്ടിരിക്കുന്നതു്. ശാരീരിക

മായും സാമുദായികമായും ക്രൂടെ നാം ദൈവത്തെ ആരാധിക്കേണ്ടിയിരിക്കുന്നു. ബാഹ്യമായ ആരാധന ആവശ്യമെന്നു സിദ്ധിച്ചു കഴിഞ്ഞാൽ അങ്ങിനെയുള്ള ആരാധനക്രമങ്ങളെ നിയന്ത്രണം ചെയ്യാൻ സഭയ്ക്കുള്ള അധികാരം സിദ്ധിച്ചു കഴിഞ്ഞു. ഈ സ്ഥിതിയ്ക്കു സഭയിലെ പരസ്യാരാധന ക്രമത്തിന്റെ (Public worship) പ്രധാന ഭാഗം വഹിക്കുന്ന പുരോഹിതന്മാർ ധരിക്കേണ്ടതായ തിരുവസ്ത്രങ്ങളെ സംബന്ധിച്ചു പ്രത്യേക നിർദ്ദേശങ്ങൾ ആവശ്യമെന്നു് ആരും സമ്മതിക്കണം. ഒരു പടയാളിക്കു് അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥനു് അവരവർക്കുള്ള യൂണിഫോറവും, ഒരു ന്യായാധിപനു് പ്രത്യേക ഗൌണും, ഒരു രാജാവിനു് രാജചിഹ്നങ്ങളും അനുയോജ്യമായി തോന്നുന്നതുപോലെ പൌരോഹിത്യധർമ്മ നിർവ്വഹണത്തിനും അതിനുതക്ക ഒരു "യൂണിഫോറ"ത്തിന്റെ ആവശ്യകത സ്വാഭാവികമായിത്തന്നെ നമുക്കു തോന്നുന്നു. അതിനാൽ രാജ്യം ഭരിക്കുന്ന രാജാവിനു മുടിയും, ന്യായവാദം കേൾക്കുന്ന ജഡ്ജിക്കു് ഗൌണും, അറസ്റ്റു ചെയ്യുന്ന പോലീസുകാരനു് തന്റെ യൂണിഫോറവും, പുരോഹിതനു് വൈദിക ചിഹ്നങ്ങളാകുന്ന തിരുവസ്ത്രങ്ങളും യോജിച്ചതു തന്നെ. ഇവ ഓരോന്നും അന്തരികമായിട്ടുള്ള അവരുടെ പ്രവൃത്തികളുടെ ബാഹ്യചിഹ്നങ്ങളത്രെ. ഇപ്രകാരമുള്ള ചിഹ്നങ്ങൾ പെരും ലൌകിക നിർവ്വഹണങ്ങൾക്കു യോജിച്ചതെന്നും എന്നാൽ മതപരമായവയ്ക്കു് വേണ്ടാത്തതെന്നും വാദിച്ചാൽ സാധുവാകുന്നതല്ലെ?

ചിന്താവിഷയം



സ്നേഹഭാന്തു്

(റവ. ഫാദർ ജോജ്ജു് വയലിൽ, വിശാഖപട്ടണം)

ഭ്രാന്താശുപത്രികളിൽ ദിവസ്സേന ശുശ്രൂഷ ചെയ്യുന്നവർക്കു് പലരും ഒടുവിൽ ഭ്രാന്തുപിടിച്ചു മരിക്കാറുണ്ടത്രെ. ഈ പ്രസ്താവന യഥാർത്ഥമെങ്കിൽ ഭ്രാന്തു ഒരു പകരുന്ന വ്യാധിയായിരിക്കണം.

ലോകജ്ഞാനികൾ "ഭോഷത്വമെന്നും" "ഭ്രാന്തെന്നും" വിളിക്കുന്ന; ക്രൂശിക്കപ്പെട്ട രക്ഷകൻ മനുഷ്യനോട കാണിക്കുന്ന അളവറ്റ സ്നേഹമാകുന്ന ജ്ഞാനഭ്രാന്തും പകരുന്ന സ്വഭാവത്തോട്ട ക്രൂടിയതാണ്. യഹൂദന്മാക്ക ഒരുപ്പും" പുറജാതിക്കാക്ക് ഭോഷത്വമായിരുന്ന ക്രൂശിതനായ ഈശോ മരിച്ച് അധികനാൾ കഴിയുന്നതിനു മുമ്പ്, അങ്ങെ സഹചാരന്മാരായിരുന്നവരെയെല്ലാം ഈ ഭ്രാന്തു പിടികൂടി. ഈശോയുടെ മരണശേഷം അങ്ങെ അനുഗാമികൾ ജറുസലേമിൽ ഏതാനും ദിവസം അടങ്ങി പാർക്കുന്നു. എന്നാൽ പന്തക്കുസ്താ ദിവസം അവരിലെല്ലാം അസാധാരണമായ ഒരു മാറ്റം. ഭീരുക്കളായിരുന്നവർ പെട്ടെന്നു ധൈര്യശാലികളായി തീരുന്നു. നിരക്ഷരകുക്ഷികൾ വാഗ്ധാടിയോടുകൂടി പ്രസംഗിക്കുന്നു. ക്രൂശിതനായ അവരുടെ നായകൻ ദൈവപുത്രനെന്നു വിളംബരം ചെയ്യുന്നു. ഗ്ലീലാക്കാരായ ഈ മുക്കുവന്മാർ വിശുദ്ധ പട്ടണത്തിൽ വന്നു ഈ ബഹളമൊക്കെയുണ്ടാക്കിയതിൽ വലക്കും ആശ്ചര്യം തോന്നാതിരുന്നില്ല. എന്നാൽ വിവേകികളായിരുന്ന മറ്റു ചിലർക്കു പെട്ടെന്നു സംഗതിയെല്ലാം മനസ്സിലായിപോൽ. "ഈ മനുഷ്യർ പുതിയ വീഞ്ഞുകൊണ്ടു നിറഞ്ഞവരാണ്" (Act II. 13) അവർ മുക്കുവന്മാരല്ലെ? പട്ടണത്തിൽ വന്നു ക്രമത്തിലധികം ഉള്ളിലാക്കി—മദ്യം ഉള്ളിൽ ചെന്നാൽ ധൈര്യവും വാഗ്ധാടിയുമെല്ലാം താനേ ഉണ്ടാവുക സാധാരണയാണല്ലൊ.

രോഗം എത്ര പെട്ടെന്നാണ് പകരുന്നത്! ഈ ബഹളം കാണാൻ ഓടിക്കൂടിയ നാനാ ദേശക്കാരായ ഇസ്രായേൽക്കാരിൽ മൂവായിരം പേർക്ക് തൽക്ഷണം ഭ്രാന്തു പിടികൂടുന്നു. ഭ്രാന്താണെന്നു സംശയിക്കാനെന്തവകാശം? നോക്കുക; അവർ തങ്ങളുടെ സ്വത്തെല്ലാം വിറ്റു, കിട്ടിയ പണം മുഴുവൻ ഗ്ലീലാക്കാരായ മുക്കുവന്മാരെ ഏൽപ്പിച്ചിട്ട് അവരെ അനുഗമിക്കുന്നു! മറൊരു ദിവസം അയ്യായിരം ഭ്രാന്തന്മാർ! പട്ടണത്തിൽ പകരുന്ന വ്യാധിയുണ്ടായാൽ മുനിസിപ്പാലിറ്റിക്കാർ വേണ്ട പ്രതിവിധി നോക്കേണ്ടതാണല്ലൊ. യഹൂദപ്രമാണികൾ കൂടി ആലോചിച്ചശേഷം ഗ്ലീലാക്കാരായ മുക്കുവന്മാരെ പിടിച്ചു ബന്ധവസ്സിലാക്കുന്നു. എന്നാൽ പിറേറ ദിവസംതന്നെ അവർ ദേവാലയത്തിൽ "ഉത്തപ്പു" പറയുന്നു. വീണ്ടും അവരെ പിടിച്ചു ഭയപ്പെടുത്തുകയും നല്ലപോലെ പ്രഹരിക്കുകയും ചെയ്തശേഷം മേലിൽ ക്രൂശിക്കപ്പെട്ട ഗ്ലീലാക്കാരന്റെ നാമത്തിൽ പ്രസംഗിക്കരുതെന്നു കർശനമായ ആജ്ഞ നൽകിവിടുന്നു. അവരോ എന്നാൽ, കുരിശിന്റെ "ഭോഷത്വത്തെ പ്രതി പ്രഹരമേൽക്കാൻ ഇടയായതു ഒരു വലിയ ബഹുമാനമായിക്കരുതി സന്തോഷിച്ചു

എല്ലാസ്ഥലത്തും പ്രസംഗിക്കുന്നു. ഭ്രാന്തന്മാർക്ക് അജ്ഞ നൽകിയതു കൊണ്ടോ അവരോടുപദേശിച്ചതു കൊണ്ടോ വല്ല പ്രയോജനവുമുണ്ടോ?

എന്തിനു! ക്രൂശിതനായശബ്ദിലേയെന്റെ അനുഗാമികൾവർദ്ധിച്ചുതുടങ്ങി. ശാസനകൊണ്ടും ഭയപ്പെടുത്തലുകൊണ്ടും പ്രഹരം കൊണ്ടും "ഉന്മൂലം" നിങ്ങുന്നില്ലെന്നു കണ്ടപ്പോൾ കൊന്നൊതുക്കാമെന്നു യഹൂദപ്രമാണികൾ നിശ്ചയിച്ചു. എന്നാൽ വിശുദ്ധ പട്ടണത്തിൽ ഞെരുക്കം തുടങ്ങിയപ്പോൾ "സ്നേഹഭ്രാന്ത"ന്മാർ സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും പലായനം ചെയ്തു. അവർ ചെന്ന സ്ഥലങ്ങളിലെല്ലാം കാട്ടുതീപോലെ ഭ്രാന്തു പകർന്നു തുടങ്ങി.

ഈ പുതിയ വകുപ്പുകാരെ സംബന്ധിച്ചു സാമ്രാജ്യാധികൃതന്മാർ കേട്ടിരുന്നുവെങ്കിലും, ലോകത്തിൽ നവംനവങ്ങളായി കാണപ്പെടുന്ന അനേക ഭോഷത്വങ്ങളിൽ ഒന്നായിമാത്രമെ ഇതിനെ അവർകരുതിയിരുന്നുള്ളൂ. എന്തു! ഗ്രീലാക്കാരായ എത്രയോ മുക്കുവന്മാർ മരിച്ചുപോയ അവരുടെ നേതാവിനെ ഒരു വീരപുരുഷനായും ആരാധനാവിഷയമായും പ്രഖ്യാപനം ചെയ്യുന്നു. വീരാരാധന റോമാക്കാർക്ക് ഒട്ടും തന്നെ പുത്തരി ആയിരുന്നില്ല. വീരപുരുഷന്മാരും ആരാധനാപാത്രങ്ങളും അവർക്ക് ആയിരക്കണക്കിനുണ്ടായിരിക്കെ, ഏതാനും മുക്കുവന്മാർ ഒരു പുതിയ വീരപുരുഷനെ ആരാധിച്ചു തുടങ്ങിയതു് ഒരു വലിയ കാര്യമൊ?. എന്നാൽ അല്പകാലത്തിനുള്ളിൽ പലസ്തീനാ രാജ്യവും യഹൂദ ജാതിമതിലും കടന്നു, മുക്കുവന്മാരുടെ സഭ സാമ്രാജ്യം മുഴുവൻ പ്രചരിച്ചിരുന്നതു അധികൃതന്മാരുടെ ശ്രദ്ധയ്ക്കു വിഷയമാകാതിരുന്നില്ല. ഇതിനും പുറമെ, ഈ പുതിയമതാനുഗാമികൾ സാമ്രാജ്യ ദേവന്മാരേയും ദേവികളേയും നിഷേധിക്കുകയും അവരെ ആരാധിച്ചുകൂടെന്നു പരസ്യമായി പ്രസംഗിക്കുന്നതിനു മുതിരുകയും ചെയ്യുന്നു.

റോമാക്കാർക്ക് മതം മതം എന്ന സംജ്ഞ ഒരു വെറും നിർജ്ജീവപദമല്ലായിരുന്നു. അവരുടെ ഗാർഹിക ജീവിതത്തിനും, സാമുദായിക ഇടപാടുകൾക്കും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുതന്നെയും മതവുമായി നേരിട്ട് ബന്ധം ഉണ്ടായിരുന്നു. തൻമൂലം സാമ്രാജ്യ മതശത്രുവായ ഈ നൂതന മതത്തെ സാമ്രാജ്യ ശത്രുവായിത്തന്നെ നിരീക്ഷിച്ചു തുടങ്ങി. ഇനി ഇക്കാര്യത്തിൽ കണ്ണടച്ചിരിക്കാൻ പാടില്ലെന്നും, 'കുരുന്നിലെ നാമ്പു നുള്ളി'യില്ലെങ്കിൽ പിന്നീട് പറിച്ചുകളയാൻ കഷ്ടനിഷ്ടങ്ങൾ വന്നേക്കുമെന്നും, അതിനാൽ ഉടനടി വേണ്ട പ്രതിവിധിനോക്കണമെന്നും അവർ തീരുമാനപ്പെടുത്തി.

പ്രഥമതഃ സാമ്രാജ്യ ദേവന്മാരെ ആരാധിക്കുന്നതിനു് ഈ പുതി

യ മതക്കാരെ നിർബന്ധിച്ചു. എന്നാൽ അവർ അതിനു വഴിപ്പെടുകയില്ലെന്നു കണ്ടപ്പോൾ സഭാശിശുവിനെ അവളുടെ രക്തത്തിൽ തന്നെ മുക്കി കൊല്ലാൻ അധികൃതന്മാർ തീരുമാനിക്കുന്നു. ശക്തിയേറിയ അനേക രാജ്യങ്ങളെ സൈന്യബലത്താൽ ജയിച്ചു് ജയശ്രീയോടുകൂടി വാഴുന്ന റോമാചക്രവർത്തി വിചാരിച്ചാൽ, യാതൊരു സൈന്യബലവുമില്ലാത്ത മുക്കുവന്മാരുടെ സഭയെ നശിപ്പിക്കുവാനാണൊ പ്രയാസം? നോക്കുന്മാരായ ഏതാനും ആളുകളെ വാളിനിരയാക്കുമ്പോൾ മറ്റുള്ളവർ 'ഭോഷത്വം' ഉപേക്ഷിച്ചു് പമ്പകടക്കയില്ലെ?

എന്നാൽ പ്രസ്തുത നിശ്ചയം പ്രവർത്തിയിൽ വരുത്തിത്തുടങ്ങിയപ്പോൾ ഈ നവ മതാനുഗാമികൾ ഭോഷന്മാരുമാത്രമല്ല, പ്രത്യുത ഭ്രാന്തന്മാരുക്കൂടെയാണെന്നു വിശദമായി. എന്തുകൊണ്ടെന്നാൽ ഒരാൾ എത്രകണ്ടു ഭോഷനായാലും മരണത്തെ ഭയമില്ലാത്തവനുണ്ടോ? ഇനി സാമാന്യ ഭ്രാന്തന്മാക്കായാലും പ്രഹരത്തോടും വാളിനോടും ഭയമാണു് എന്നാൽ ഈക്രൂരൻ എത്രയുന്മേഷത്തോടുകൂടെയാണു് പീഡനങ്ങളേയും മരണത്തേയും വരിക്കുന്നതു്! തീച്ചയായും ഇവർ മുഴുഭ്രാന്തന്മാരായിരിക്കണം. കണ്ടാലും! തന്നെ കുരിശുമരണത്തിനു വിധിക്കുകയിൽ സ്വഗുരുവിനെപ്പോലെ കിടന്നു മരിക്കാൻ അയോഗ്യനെന്നും തൻമൂലം തല കീഴായി കുരിശിൽ തറയ്ക്കാൻ ദയയുണ്ടാകണമെന്നും പത്രോസു് അപേക്ഷിക്കുന്നു. പന്തക്കുസ്താ ദിവസത്തിൽ ഉള്ളിലാക്കിയ "പുതിയ വീഞ്ഞി"ന്റെ (Act II 13) വീഞ്ഞു മുപ്പതിൽപരം വത്സരങ്ങൾ കഴിഞ്ഞിട്ടും വിട്ടുമാറീട്ടില്ലപോൽ. ഇനിയും സ്നേഹഭ്രാന്തിനു ശിക്ഷയായ കുരിശുമരണത്തിനു വിധിക്കപ്പെട്ട അന്ത്രയോസു്, തനിക്കായി ഒരുക്കിയിരുന്ന കുരിശു കാണുകയിൽ—"കർത്താവിന്റെ അവയവങ്ങളിൽ നിന്നും കോമളത്വം സ്വീകരിച്ചതും, അതിവാഞ്ഛിതവും, ഇടവിടാതെ ആത്മിയോടുക്കുടെ സ്നേഹിക്കപ്പെട്ടതും, അഗ്രഹിക്കുന്നവനു് അയത്തമാക്കപ്പെട്ടതുമായ ക്രിസ്തുവായേ! നീ വഴിയായി എന്നെ വീണ്ടുകൊണ്ടവൻ നീ വഴിയായിത്തന്നെ എന്നെ സ്വീകരിക്കുന്നതിനു് എന്നെ മനുഷ്യരിൽനിന്നും എടുത്തു് എന്റെ ഗുരുവിനു സമർപ്പിച്ചാലും!" എന്നു വിളിച്ചുകൊണ്ടു് ജഡം കണ്ട മാൻപേട കണക്കെ ക്രിസ്തുമരണം വരിക്കുന്നു. മാത്രമല്ല, ക്രിസ്തുമരത്തിൽ തൂങ്ങിക്കിടന്നിരുന്ന രണ്ടുദിവസം മുഴുവനും ആസ്ഥിതിയിൽ കിടന്നുകൊണ്ടു് കാണികളോടു് ക്രൂശിതനായ ഈശോയെ പ്രസംഗിച്ചുകൊണ്ടിരുന്നു. എന്തൊരു ലഹരി! എന്തു ഭ്രാന്തു്!!

റോസമ്മയുടെ ഭാഗ്യം.

(തുടർച്ച)

[റവ. സ്ക്കറിയാസ് പൂവത്തുങ്കൽ]

അപ്പോഴും ഡോക്ടർ വൃദ്ധയോട് അല്പം നിൽക്കുന്നതിനു ആജ്ഞാപിച്ചിട്ട് ആപ്പീസുമുറിയിൽ കയറി ഒരു കത്തു തയാറാക്കികൊണ്ടുവന്നു് അവരെ ഏല്പിച്ചുകൊണ്ടു് "ഇതു് റോസമ്മയുടെ കൈയിൽ കൊടുത്തയച്ചേക്കു. ഒരാഴ്ചക്കകം വീട്ടിൽ പോകത്തക്കവണ്ണം എല്ലാം സുഖമാകും. വേഗം പൊയ്ക്കോളൂ. ഇവിടെ വന്നകാര്യം റോസമ്മയോടല്ലാതെ വേറാരോടും മിണ്ടിക്കൂടാ." എന്നുപറഞ്ഞു തിരിയെപ്പോയി. "ഓ, എന്നെ വിനീതസമ്മതംപ്രദർശിപ്പിച്ചു രണ്ടു മൂന്നു വട്ടം തിരിച്ചു വൃദ്ധ നേരേ ആസ്പത്രിയിലേക്കു നടന്നു. ഡോക്ടർ കൊടുത്തയച്ച മേലാൽ സേവിക്കേണ്ട വല്ല വിശേഷപ്പെട്ട മരുന്നിന്റെയും കുറിപ്പാണെന്നതന്നെ വൃദ്ധ തീർച്ചപ്പെടുത്തി. "ഏതായാലും അദ്ദേഹത്തിനു ഞങ്ങളോടു വലിയ ദയതന്നെ. നല്ലയാൾ. എത്രകാരുണ്യമായിട്ടാണു ദീനക്കാരിയെപ്പറ്റി ചോദിച്ചതു്. ദൈവമേ! അങ്ങേക്കു അനുഗ്രഹിക്കേണമേ." എന്നു വൃദ്ധ പലതുമോർത്തറിയാതെ പറഞ്ഞുപോയി. തൽക്കാലം രോഗവും മരുന്നുമൊക്കെ ഡോക്ടർതന്നെയാണു് എന്നു കിഴവിയുടെ മനസ്സിലായി?

വൃദ്ധ പള്ളിയിൽനിന്നു മടങ്ങുന്നു സമയത്തു തന്നെ ഡോക്ടർ തിരിച്ചെത്തി. റോസമ്മയുടെ രോഗം മിക്കവാറും വിട്ടുമാറിയിരുന്നതിനാൽ ആയിടെ വൈദ്യസഹായം അവർക്കാവശ്യമില്ലായിരുന്നു. വൃദ്ധ കത്തു് യുവതിയുടെ കൈയിൽ കൊടുത്തു. വായിച്ചയുടൻ അവരുടെ മുഖം വിവർണ്ണമായി. വൃദ്ധയോടു കൂടുതൽ വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കി. പിറേന്നു രാവിലെ റോസമ്മ ഇപ്രകാരം മറുപടിക്കത്തു തയാറാക്കി അയച്ചു.

"മാന്യനായ ഡോക്ടറേ! അങ്ങയുടെ അഭിലാഷാനുസാരം വിവാഹബന്ധത്തിലേർപ്പെടുന്നതിനു തൽക്കാലം നിവർത്തിയില്ല. ഇ

രേതനായ പ്രിയതമന്റെ പ്രണയഫലമായ ഏകസന്താനത്തിന്റെ നഷ്ടത്താൽ ക്ലിഷ്ടമാനസയായിരിക്കുന്ന ഞാൻ ഇപ്പോൾ എങ്ങനെയാണു് പുനർവിവാഹത്തെപ്പറ്റി ആലോചിക്കുന്നതു്. പോരെങ്കിൽ ഒരു പ്രോട്ടസ്റ്റന്റുകാരനും, ഒരു കത്തോലിക്കയുമായുള്ള പരിണയം അത്ര ആശാസ്യമല്ലെന്നുംഞാനറിയാമല്ലൊ. എങ്കിലും താങ്കളെ ഞാൻ നിർദ്ദോഷം നിരാശനാക്കുന്നില്ല. ഞാൻതരുന്ന കത്തോലിക്ക മതഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവം വായിക്കാമെന്നു പ്രതിജ്ഞ ചെയ്യുന്ന പക്ഷം വിവാഹകാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്. എന്റെ സഹോദരൻ താമസിയാതെ ഇവിടെ എത്തുന്നതുമാണു്. എന്റെ പരിതഃസ്ഥിതികളെപ്പറ്റി, താങ്കളുടെ കാരുണ്യാതിരേകത്താൽ പേനാ എടുക്കുന്നതിനു പ്രാപ്തിയുണ്ടായ അനന്തരം, അദ്ദേഹത്തിനു ഞാൻ എഴുതിയിട്ടുണ്ടു്. എന്തോ അഞ്ചൽ തകരാറായിരിക്കാം. അല്ലെങ്കിൽ ഇപ്പോഴേക്കു് അദ്ദേഹം വരേണ്ടതായിരുന്നു. അവസരോചിതം താങ്കളോടു് മതവിഷയങ്ങളെപ്പറ്റി സംസാരിക്കുന്നതിനും എനിക്കു വിരോധമില്ല. എന്നു് അങ്ങയോടു് എന്നെന്നും കൃതജ്ഞതാബദ്ധയായ റോസമ്മ. (ഒപ്പു്)

ഈ കത്തുകിട്ടിയ അന്നുമുതൽ രോഗിണിയെ സന്ദർശിക്കുവാൻ ഡോക്ടർ ക്ലൃപ്തമായ സമയം ചെലവാക്കാറുണ്ടായിരുന്നു. പലപ്പോഴും അദ്ദേഹവും റോസമ്മയുമായി മതകാര്യങ്ങളെപ്പറ്റി സംസാരിച്ചിരുന്നു. അവളുടെ മുറിയിൽ വേറെ രോഗികൾ ഇല്ലാതിരുന്നതിനാൽ ഇതിനു ക്ലൃപ്തമായ സൌകര്യവും ലഭിച്ചിരുന്നു. ആ നഗരത്തിൽ മിഷ്യൻവേല നടത്തിയിരുന്ന ഫാദർ ഫ്റണാൻറസ്സു് ആസ്പത്രിയിൽ എന്നും വരാറുണ്ടായിരുന്നതിനാൽ ഈ സംഭാഷണങ്ങളിൽ പലപ്പോഴും സംബന്ധിക്കുന്നതിനുള്ള സൌകര്യവും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിന്റെ ഉപദേശം ക്രമീകരിച്ചിട്ടാണു് റോസമ്മപ്രസ്തുത മാർഗപടിക്കത്തെഴുതിയതു്.

പല മതഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ പക്കൽനിന്നു റോസമ്മ വാങ്ങിച്ചു് വായിക്കാറുണ്ടായിരുന്നു. അവയും അദ്ദേഹം നൽകിയ വേറെ പല ഗ്രന്ഥങ്ങളും ബുദ്ധിമതിയായ ആ യുവതി ഡോക്ടറെ കൊടുത്തു. കത്തോലിക്ക മതത്തോടുള്ള പ്രതിപത്തികൊണ്ടല്ലെങ്കിലും റോസമ്മയോടുള്ള പ്രതിപത്തി നിമിത്തം അദ്ദേഹം അവയെല്ലാം ശ്രദ്ധാപൂർവം വായിച്ചു തുടങ്ങി. ചി

ലപ്പോഴെല്ലാം ഫാദർ ഫ്റണാണ്ടസ്സിന്റെ വാസസ്ഥലത്തു ഡോക്ടർ പോയിത്തുടങ്ങി. അവിടെവച്ചു മതവിഷയങ്ങളെപ്പറ്റി ഡോക്ടരും ഫാദർ ഫ്റണാൻറസ്സുമായി വാഗ്പ്രതിവാദങ്ങളും നടക്കാറുണ്ടായിരുന്നു. പ്രകൃത്യാതന്നെ ബുദ്ധിയായ ഡോക്ടർക്കു കത്തോലിക്കാ മതത്തോടുണ്ടായിരുന്ന വിപ്രതിപത്തി മാറിത്തുടങ്ങി. റോസമ്മയ്ക്കു് ആസ്പത്രി വിടേണ്ട കാലവുമായി. അവളേയും ഡോക്ടരേയും പറ്റി ചില സംശയങ്ങൾ ആസ്പത്രിജോലിക്കാരുടെ ഇടയിൽ ഉണ്ടാകാതിരുന്നുമില്ല.

റോസമ്മയുടെ സഹോദരൻ ചാക്കോച്ചൻ താമസിയാതെതന്നെ ആസ്പത്രിയിലെത്തി. സോദരിയേയും മരുമകനേയും തിരയുന്നതിനായി എത്രയെല്ലാം വഴിക്കാണു് അദ്ദേഹം അലയുന്നതു്. എന്നാൽ ഒരു തുമ്പും കിട്ടിയില്ല. റോസമ്മയുടെ കത്തു കിട്ടിയപ്പോൾ മാത്രമാണു വാത്സല്യനിധിയായ ആ സഹോദരനു പ്രാണൻ നേരേ വീണതു്. പ്രിയസോദരന്റെ കരങ്ങളും സപുകരങ്ങളിൽ അർപ്പിച്ചു് ബാഷ്പധാരകൊണ്ടു നനച്ചശേഷം അവൾ അവയെ ഗാഢമായി ചുംബിച്ചു. കുട്ടിയെപ്പറ്റി ഓർത്തോർത്തു സോദരീസോദരന്മാർ ഒരുപോലെ പൊട്ടിക്കണ്ണീർ വാർത്തു. റോസമ്മയുടെ ആരോഗ്യം പൂർവ്വസ്ഥിതിയെ പ്രാപിച്ചിരുന്നതിനാൽ വീട്ടിൽപോകുന്നതിനു വിരോധമില്ലായെന്നു ഡോക്ടർ അഭിപ്രായപ്പെട്ടുകഴിഞ്ഞു. അവർ യാത്രയ്ക്കുള്ള വട്ടങ്ങൾ കൂട്ടിത്തുടങ്ങി. ചാക്കോച്ചൻ ഡോക്ടർക്കു് ഒരു പണക്കിഴി സമ്മാനിച്ചു. തനിക്കു യാതൊരു പ്രതിഫലവുമാവശ്യമില്ല എന്നു പറഞ്ഞു് അദ്ദേഹം അതു നിഷേധിക്കയാണുണ്ടായതു്. എന്നാൽ ഒരു മാസത്തിനകം സൌകര്യംപോലെ തങ്ങളുടെ ഭവനത്തിൽവന്നു് ആതിഥ്യം സ്വീകരിച്ചു തങ്ങളെ അനുഗ്രഹീതരാക്കുകയെങ്കിലും ചെയ്യണമെന്നു ചാക്കോച്ചൻ അപേക്ഷിച്ചു. ഡോക്ടർ സന്തോഷപൂർവ്വം സമ്മതിച്ചു. കാരണം വ്യക്തമാണല്ലൊ. താമസിയാതെതന്നെ സോദരീസോദരന്മാർ പിതൃഭവനമായ പൂംകുളത്തേയ്ക്കു യാത്രയായി. വിഷണ്ണനായ ഡോക്ടർ ന്യായമായ അവധി എടുക്കുന്നതിനുള്ള കാലം വരുന്നതുവരെ ദിവസങ്ങൾ എണ്ണിയെണ്ണി കഴിച്ചുകൂട്ടി. യാത്രാവേളയിൽ അർത്ഥഗർഭമായ ഒരു കടാക്ഷത്താൽ റോസമ്മ തന്നെ സമ്മാനിച്ച സുന്ദരനായ ഡോക്ടരുടെ ആരൂഢമുകുളത്തെ അപ്പാടെ വികസിപ്പിച്ചുകൊണ്ടിരുന്നു.

ആഴ്ചകൾ മൂന്നുകഴിഞ്ഞു. ഒരു ഞായാഴ്ചദിവസത്തിൽ ചാക്കോച്ചനും റോസമ്മയും പൂംകുളത്തു ഭവനത്തിന്റെ പൂമുഖത്തിരുന്ന് ഓരോ വിനോദങ്ങൾ പറഞ്ഞു രസിക്കുകയായിരുന്നു. ഡോക്ടരുമായുണ്ടായ കത്തിടപാടുകളെപ്പറ്റി റോസമ്മ നേരത്തേതന്നെ സോദരനോടു പറഞ്ഞിരുന്നു. അദ്ദേഹം ഒരഭിപ്രായവും പറഞ്ഞിരുന്നില്ല. അപ്പോൾ ഇതാ നമ്മുടെ ഡോക്ടർ ശീമവേഷത്തിൽ ചടാ ചടാ എന്നു ചവുട്ടി കയറി വന്നുകഴിഞ്ഞു. "ഗുഡീവിനിങ്ങ്" തുടങ്ങിയ ഉപചാരവാക്കുകളും ചായകുടിയും കഴിഞ്ഞു് അവർ മൂവരുംകൂടി വെടി പറയുന്നതിനു പൂമുഖത്തേക്കുതന്നെ മടങ്ങി. അപ്പോൾ ഡോക്ടർ പെട്ടെന്നു് ഒരു പ്രണയപ്രസംഗമാണാരംഭിച്ചതു്. "ഭവതി! അങ്ങേ അഭിലാഷം ഞാൻ നിറവേറിയിരിക്കുന്നു. ഫാദർ ഫ്റണാണ്ടസ്സു് എനിക്കു നൽകിയ പുസ്തകങ്ങളും ഞാൻ വായിച്ചു. ഭവതിയുടെ നേർക്കുള്ള പ്രണയപാരവശ്യം നിമിത്തമാണു് അന്ധവിശ്വാസസമ്മിശ്രങ്ങളെന്നു ഞാൻ പലപ്പോഴും അപഹസിച്ചിട്ടുള്ള ആ കത്തോലിക്കാ ഗ്രന്ഥങ്ങളും ഞാൻ സ്പർശിച്ചതു്. അവ സത്യമാർഗ്ഗത്തെ എനിക്കു കാണിച്ചു തന്നു. എന്റെ ബോധത്തിൽ പ്രകാശം ഉദിച്ചു. അവിശ്വാസത്തിന്റെ ക്ലാവുകളും മാറിത്തുടങ്ങി. ഫാദർ ഫ്റണാണ്ടസ്സു് സകല സംശയങ്ങൾക്കും ശരിയായ നിവാരണങ്ങളും നൽകിയിരുന്നു. ഇതാ ഇന്നലെ രക്ഷയുടെ ജലം എന്റെ ശിരസ്സിൽ അദ്ദേഹം ഒഴുക്കി. ആ നിമിഷം മുതൽ ഞാനൊരു കത്തോലിക്കൻ. എന്റെ സൌഭാഗ്യം പൂർത്തിയാകുന്നതിനു ഭവതിയുടെ പ്രസാദം മാത്രമെ ഇനി ആവശ്യമുള്ളൂ. ചാക്കോച്ചൻ ഇക്കാര്യത്തിൽ യാതൊരു തടസ്സവും പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു" ഇത്രയും പറഞ്ഞു ഡോക്ടർ നിർത്തി. റോസമ്മയുടെ കപോലങ്ങൾ അരുണവർണ്ണങ്ങളായി. ചാക്കോച്ചൻ ചിന്താമഗ്നനായി. പിന്നീടു കുറേനേരത്തേക്കു് ആരുമൊന്നുമുരിയാടിയില്ല.

ചാക്കോച്ചന്റെ താല്പര്യപ്രകാരം ഡോക്ടർ ഒരാഴ്ചത്തേക്കു പൂംകുളത്തു താമസിച്ചു. പിന്നെ ഒരുമാസത്തിനകം ഡോക്ടരും റോസമ്മയുമായുള്ള വിവാഹം പൂംകുളത്തുവെച്ചു സുമംഗളമായി നടത്തപ്പെട്ടു.

പത്താം
പിയൂസ് മാർപാപ്പാ.

(റവ. ജോസഫ് വട്ടക്കുഴി)

ജ്യോസഫ് സാർത്തോ—പത്താംപീയൂസ് എന്ന പേരോടുകൂടി പരിശുദ്ധ സിംഹാസനത്തെ അലങ്കരിച്ച ആ വന്ദ്യ ദേഹം—ഇറ്റലിയിൽ പലതുകൊണ്ടും പ്രാധാന്യത്തെ അർഹിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായ ട്രൻസോയിൽ (Transo) റീസ്വ് ഗ്രാമത്തിൽ 1835 ജൂൺ 2-ാംനു- ഏറാം കൃീനരും എന്നാൽ നിർധനരുമായ മാതാപിതാക്കന്മാരിൽനിന്നും ജാതനായി.

ഒരു മുൻസിപ്പൽ ഉദ്യോഗസ്ഥനായ അദ്ദേഹത്തിന്റെ പിതാവിനു്, മൂന്നു ചെറിയ തോട്ടങ്ങളും, ഒരു ചെറു കുടിലും, ഒരു പശുവും മാത്രമെ സമ്പാദ്യമായിട്ടുണ്ടായിരുന്നുള്ളൂ. സാത്തോയുടെ മാതാവു് ഉടുപ്പു നന്നാക്കിഅല്പമായ ആദായം ആർജ്ജിച്ചിരുന്നു. തന്റെ മാതാപിതാക്കന്മാരുടെപത്തു സന്താനങ്ങളിൽ ഒരുവനായിരുന്നനമ്മുടെകഥാനായകൻ. അദ്ദേഹം അനാഡംബരനായി ബാല്യകാലം നയിച്ചു. ഈ ജീവിതാലട്ടവും, സാധുക്കളെപ്പറ്റിയുള്ള ഓർമ്മയും തന്റെ സ്മൃതിപഥത്തിൽ എപ്പോഴും മുദ്രണം ചെയ്യപ്പെട്ടിരുന്നു.

വിശുദ്ധന്മാരിൽ കാണുന്നതുപോലെ നമ്മുടെഈബാലനിലുംചെറുപ്പത്തിൽ തീവ്രമായ ഭക്തി കണ്ടിരുന്നു. അദ്ദേഹം തന്റെ സ്നേഹിതന്മാരെ പലരേയും വിളിച്ചുകൂട്ടി ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതിനു് പ്രേരിപ്പിച്ചിരുന്നു. ഒരുവന്ദ്യ വൈദികന്റെ സഹായത്തോടുകൂടി ലത്തീൻ ഭാഷ പഠിക്കുവാൻ തുടങ്ങി. ദൈവവിളിയുടെ ചില പ്രത്യേക അടയാളങ്ങൾ അദ്ദേഹത്തിൽ കണ്ടുതുടങ്ങി. 1847-ൽ തന്റെ അദ്ദ്യ ദിവ്യകാരുണ്യസ്വീകരണാവസരത്തിൽ പരിശുദ്ധ കർമ്മനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയോടു് ആത്മികമായി സംയോജിക്കുന്നതിനുള്ള സ്നേഹപാരവശ്യത്താൽ തന്റെ ഹൃദയം ഉജ്ജ്വലിച്ചിരുന്നു. പിന്നീടു് കാസ്റ്റിൽ ഫ്രാങ്കൊ(Castle Franco) എന്ന സ്ഥലത്തു് നാലു വർഷം വിദ്യാഭ്യാസത്തിനായി വ്യയം ചെയ്തു് ആശാസ്യമായ വിജയം കരസ്ഥമാക്കി. ഒരു വൈദിക വിദ്യാർത്ഥിയാകണമെന്നുള്ള അഭിഗ്രഹം അദ്ദേഹത്തിൽ സംജാതമായി. ദൈവവിളിയെ കേൾക്കുന്നവന്റെ പരമാനന്ദത്തിനു് തുല്യം കണക്കുണ്ടോ? എന്നാൽ ഈ ബാലന്റെ അഭിനന്ദനീയമായ ഈ അഭീഷ്ടം സാധിക്കുന്നതിനു് നിർധനത്വം പ്രതിബന്ധമായിരുന്നു. താമസംവിനാ ഈ ബാലനു് ഒരു പ്ര

ത്യേക ദൈവാനുഗ്രഹം ഉണ്ടായി. പുരാതന പാട്ടവായിലുള്ള ഒരു സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുന്നതിനു് അധികാരം സിദ്ധിച്ചിരുന്ന വെനീസ്സിലെ കർദ്ദിനാൾ നമ്മുടെ ബാലനു് പ്രവേശനം നല്കി. 1850-ൽ തന്റെ 16-ാമത്തെ വയസ്സിൽ സെമിനാരിയിൽ പ്രവേശിച്ചു് ശ്രേയസ്സുരവും നിത്യസ്മരണയുർഹരുമായ തന്റെ ജീവിതത്തിന്റെ ശിലാസ്ഥാപനം ചെയ്തു.

സെമ്മിനാരിയിൽ എട്ടുവർഷം പഠിച്ചു. ഒരു ഉത്തമ വൈദികനു വേണ്ടതായ സകല ഗുണങ്ങളും അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. ഇരുപ്പട്ട സ്വീകാരത്തിനു് നിയമാനുസൃതമായ പ്രായം ഇല്ലായിരുന്നതിനാൽ മാർപ്പാപ്പയുടെ പ്രത്യേക അനുവാദം കിട്ടേണ്ടിയിരുന്നു. ഇതു അനായാസേന ലഭിക്കയും, ഫെബ്രുവരി=ൽ ടോംബലൊ (Tombolo)എന്ന സ്ഥലത്തു് ഒരു സഹായ വൈദികനായി നിയമിതനാകുകയും ചെയ്തു. അജ്ഞാത സ്ഥിതിയിൽ ൪-വർഷം കഴിച്ചതിന്റെ ശേഷം തന്റെ ൨൨-ാമത്തെ വയസ്സിൽ സൽസ്സാനൊ (Salzano) യിലെ പ്രഥമ വൈദികനായി നിയമിക്കപ്പെട്ടു. ജനങ്ങളുടെ കാലാനുസൃതമായ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുന്നതിലധികം അദ്ദേഹത്തിന്റെ ബുദ്ധി വികസിച്ചിരുന്നു. റോമ്മാ സിംഹാസനം ഇപ്പോഴുമുള്ള അളവുകളെയാണ് ആകാംക്ഷയോടുകൂടി പ്രതീക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും. അനന്യസാധാരണമായ പ്രാവീണ്യം, അനുകരണീയമായ ജീവിതക്രമം മുതലായവ ഇദ്ദേഹത്തെ ഉപര്യുപരി സ്ഥാനങ്ങളിലേക്കു് ഉയർത്തിയിരുന്നു. ഫെബ്രുവരി=ൽ പാപ്പായുടെ കല്പന അനുസരിച്ചു് "മെത്രുവാ" എന്നസ്ഥലത്തുവച്ചു് അദ്ദേഹം മൊൺസിഞ്ഞോർ സ്ഥാനം സ്വീകരിച്ചു. പിന്നീടു് ഏഴുവർഷശേഷം വെനീസ്സിലെ പാത്രിയർക്കീസാകുകയും ചെയ്തു. കാലതാമസമില്ലാതെ "വെനീസ്സിലെ ശ്ലീഹാ" എന്ന പ്രശസ്ത നാമത്തിനു് അദ്ദേഹം അർഹനായി.

ഒരു ഇടയൻ പട്ടക്കാരൻ, ഒരു മെത്രാൻ എന്ന ഈ പദവികളിൽ ജനങ്ങളുടെ ഏവരുടേയും പ്രശംസയ്ക്കു പാത്രീഭൂതനായ ഇദ്ദേഹത്തെ ഇനിയും നാം കാണുന്നതു് ഒരു കർദ്ദിനാളായി ഫെർബ്രു=ൽ റോമിൽ പാപ്പായെ തിരിഞ്ഞെടുക്കുന്നതിനു് കൂടിയ കർദ്ദിനാൾ സഭയിൽ ആഗതനാകുന്നതായിട്ടാണു്. പ്രസ്തുതവർഷം ആഗസ്റ്റ് ൧൭-നിബന്ധനയനുസരിച്ചു് കർദ്ദിനാളന്മാർ വോട്ടു ചെയ്യുകയും, ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി വോട്ടുകൾ ലഭിച്ചതനുസരിച്ചു് നമ്മുടെ വന്ദ്യഗുരുശ്രേഷ്ഠൻ പാപ്പായായി തിരിഞ്ഞെടുക്കപ്പെടുകയും ചെയ്തു. സെൻറ് പീറ്റർസ് പള്ളിയുടെ മുറ്റത്തിങ്ങിക്കൂടിയിരുന്ന ജിജ്ഞാസാഭരിതരായ ജനവർഗ്ഗം ഈ വർത്തമാനശ്രവണമാത്രയിൽ, ആനന്ദതുന്ദിലരായി "പാപ്പായെ തിരിഞ്ഞെടുത്തു" എന്നു് ഉച്ചൈസ്വരം ഉൽഘോഷിച്ചു. ജനങ്ങളുടെ ഹർഷോൽഘോഷങ്ങളാലും സ്തോത്രങ്ങളാലും അന്തരീക്ഷം മു

റൊലിക്കൊണ്ടു. റീസ്സ് ഗ്രാമത്തിലെ കുടിലിൽ ജാതനായ ഇദ്ദേഹം ഇതാ കത്തോലിക്കാ സഭയുടെ ഉശ്ശ്യ മേലദ്ധ്യക്ഷപീഠത്തെ അലങ്കരിക്കുന്നു. ദൈവഹിതം ദുർഗ്രഹം തന്നെ. അദ്ദേഹം "മാസിക്കന്റെ" അംഗ്ലീയം ധരിക്കുകയും, സകലരുടെയും ഭക്തിബഹുമാനാദരവിനു് അർഹനായി "പിയൂസ്സു് പത്താമൻ" എന്ന നാമം സ്വീകരിക്കയും ചെയ്തു.

"ക്രിസ്തുവിൽ സകലവും നവീകരിക്കുക" എന്നുള്ള അദ്ദേഹത്തിന്റെ മുദ്രാവാക്യം തന്റെ ഹൃദയാന്തർഭാഗത്തു് എന്നതുപോലെതന്നെ തന്റെ ഉപദേശങ്ങളിലും വിളങ്ങിയിരുന്നു. ഈ വന്ദ്യഗുരുവിന്റെ പരിപാവനമായ ജീവിതത്തിനു് മാർഗ്ഗദർശിത്വംവഹിച്ചതു് പരിശുദ്ധാത്മാവിന്റെ ചൈതന്യമായിരുന്നു. വൃദ്ധന്മാരും ബാലന്മാരും നിർദ്ധനന്മാരും ധനവാന്മാരും അടക്കം നിങ്ങളേവരേയും നാം അനുഗ്രഹിക്കുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ സാധാരണ അശീർവ്വാദ വചനം. അദ്ദേഹത്തിന്റെ സ്ഥാനമഹത്വത്തിന്റെ പരമൌന്നത്യം ഒരിരുമ്പാരേട്ടുള്ള അനുകമ്പയെ വിധ്വംസനം ചെയ്യുന്നതിനു് പര്യാപ്തമല്ലായിരുന്നു. അദ്ദേഹം പലപ്പോഴും ഞായറാഴ്ച ദിവസങ്ങളിൽ വത്തിക്കാൻ അരമനയുടെ മുമ്പിൽ സുവിശേഷം പ്രസംഗിച്ചിരുന്നു. ഇപ്രകാരം "സാധുക്കൾക്കു വേണ്ടി സുവിശേഷം പ്രസംഗിക്കണം" എന്ന യേശുനാഥന്റെ വചനത്തെ അക്ഷരംപ്രതി അദ്ദേഹം നിവ്വഹിച്ചു.

ഈ വന്ദ്യപിതാവിന്റെ ഭരണകാലത്തു് ആരംഭിച്ചലോകമഹായുദ്ധം തനിക്കനിസ്സീമമായ ദുഃഖമുളവാക്കിയെങ്കിലും ക്രിസ്തുരാജന്റെയുള്ള തന്റെ നിസ്തുല പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വല്യ പരിഷ്ക്കാരങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതു് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശ്വാസനുകൂലമാണു്. ഈ ദേശത്തിലെ ജനങ്ങൾ ഏവരുടെയും ശ്ലാഘനീയമായ അഭിനന്ദനത്തിനു പാത്രീഭവിച്ചിരുന്നു.

1914 ആഗസ്റ്റ് 20-നു് സംഭവിച്ച അദ്ദേഹത്തിന്റെ നിര്യാണം ഏവർക്കും മർമ്മഭേദകമായ ഒരു സംഭവമായിരുന്നു. തന്റെ ശവശരീരം സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ചു് സംരക്ഷണം ചെയ്യേണ്ടെന്നുള്ള തന്റെ അവസാന ആഗ്രഹമനുസരിച്ചു് അദ്ദേഹം സ്വയം പണിയിച്ചിരുന്ന ഒരു ചെറിയ കല്ലറയിൽ അദ്ദേഹത്തിന്റെ ശരീരം സംസ്കരിക്കപ്പെട്ടു. "ഞാൻ ദരിദ്രനായി ജനിച്ചു, ദരിദ്രനായി ജീവിച്ചു, ദരിദ്രനായി മരിക്കുന്നതിനും ആഗ്രഹിക്കുന്നു" എന്ന ഈ വാക്കുകൾ അദ്ദേഹം തന്നെ ആ ശവകുടീരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രെ. തന്റെ അനാഡംബരത്വം ഏവർക്കും സുപരിചിതമായിരുന്നു. വാക്കിലും പ്രവൃത്തിയിലും അദ്ദേഹത്തിന്റെ

നൈർമ്മല്യം പ്രതിഫലിച്ചിരുന്നു. ഈ വന്ദ്യദേഹം സഭയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി പലതും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് വി. കുർബാന നല്കുക എന്ന പുരാതന പതിവ് പുനഃസ്ഥാപനം ചെയ്തത് ഇദ്ദേഹമാണു്. അന്നുമുതൽ കുർബാനകൈക്കൊള്ളുന്നു എന്ന ഭക്തകൃത്യത്തിലേക്ക് ആളുകളെ ശക്തിയായി ഉത്ബോധിപ്പിച്ചതും ഇദ്ദേഹം തന്നെ. ഇപ്രകാരം പരമവും പരിശുദ്ധവുമായ മാർഗ്ഗത്തിൽ കൂടിയാണു് "ക്രിസ്തുവിൽ സകലവും സ്വീകരിക്കു" എന്ന തന്റെ മുദ്രാവാക്യത്തെ അദ്ദേഹം സാധുകരിച്ചതു്. തിരുസ്സഭയുടെ അഭിവൃദ്ധിയ്ക്കു് സ്വാത്മനാ യത്നിച്ചിരുന്ന ഈ ദേഹത്തെ വിശുദ്ധൻ എന്നു നാമകരണം ചെയ്യുന്നതിനു് നമുക്ക് ഏവർക്കും പ്രാർത്ഥിക്കാം.

മഗ്ദലേനാമറിയം.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

അനന്തരം പേരുപെട്ടം ശിമോൻ തൻ
മനസ്സ്കതേറിയ മാന്യരോട്ടം
മനസ്വിയാം ദേവസുതൻ വിരുന്നി-
ന്നനല്പമാം മുത്തൊടിരുന്നിരുന്നു. ക

തദന്തരേ മേദുരഭക്തിപൂർവ്വം
വിദഗ്ധയാകും മറിയം കരത്തിൽ
അദഭ്രസൌരഭ്യതതൈലമോടെ-
സ്സദസ്സിലഭ്യാഗതയായി മന്ദം. ഖ

ഉദാരയാം നാരി സുഗന്ധതൈലം
വദാന്യനീശന്റെ മലർപ്പദത്തിൽ
തദാസമം പൂശിയപിൻപശേഷം
മുദാപകന്നാം തിരുമുടിയിക്കൽ. ന

അമന്ദമാമേന്മ കലർന്നഗേഹം
സുമത്തിനൊപ്പം സുരഭിതമാസ്സ;
സമർത്ഥയാകും മറിയത്തൊടുള്ളിൽ
സ്സുമം സദസ്യർക്കൊരാവമുണ്ടായ്. ര

വരിഷ്ഠനാം യേശുവൊടൊത്തജസ്രം
ചരിച്ചിട്ടും ഉമ്മതിയായ യൂദാ
കരിഞ്ഞവക്ത്രത്തൊടു മീർഷ്യമൂലം
പൊരിഞ്ഞൊരുള്ളോടു മിവണ്ണമോതി. ൪

"അനല്പമാകും വിലയുള്ളൊരിസ്സാ-
ധനത്തെ നാം വിക്രയമാക്കിയെങ്കിൽ
ധനത്തെ ദാരിദ്ര്യനിമഗ്നമാകും
ജനത്തിനേകാൻ തരമായിരുന്നു." ൫

അനർത്ഥമേറെജ്ജനതയ്ക്കു നൽകും
ധനത്തിലേറും പ്രതിപത്തിമൂലം
മനംമയങ്ങീടിന ശിഷ്യനാമ-
ജ്ജനത്തോടപ്പോളരുൾ ചെയ്ത നാഥൻ. ൬

"അസംഗതോക്തിക്കു മുതിർന്നവല്ലാ-
തസഹ്യമേകായ് വിനിവർത്തിക്കു നിങ്ങൾ;
അസംശയം നല്ലൊരു കൃത്യമെന്നിൽ
പ്രസന്നയായ്ത്തീർന്നിവൾ നിർവഹിച്ചു. ൭

"ദരിദ്രരില്ലെന്നു പരാതിമേലും
വരില്ല; ഞാനങ്ങനെയല്ലതാനും;
ദരിദ്രനേകുന്നതിനെന്നുമാക്കും
ശരിക്കു സാധിക്കു മഭീഷ്ടമായാൽ. ൮

"മരിച്ചപിൻപെന്റെ കളേബരം സം-
സ്കരിക്കവേവേണ്ടതു ലോഭമെന്യേ
ശരിക്കു മുൻപേറിവളൻപു പൂണ്ടാ-
ചരിച്ചതോർത്തെൻ തെളിവൽപമല്ല. ൯

"അമായമാം ഭക്തിഭരം കലർന്നി-
സ്സുമാന്യയാം പെണ്മണിചെയ്തകൃത്യം
പ്രമാദമെന്യേസുവിശേഷമെത്തും
ക്ഷമാവിഭാഗങ്ങളിലാദരിക്കും." ൧൦

അമാനുഷശ്രീ പെട്ടമീശപുത്രൻ
സമാഗമിച്ചന്നു മുതൽക്കടുക്കൽ
സമാദരിപ്പാൻ ഉരുസഞ്ചയത്തെ
പ്രമാണിയാതെത്തി ജനങ്ങളെന്നും ൧൨

അനർഘമാകും സുവിശേഷസാരം
മനസ്സിലിൻപത്തൊട്ടു കേൾപ്പിക്കമൂലം
അനഘ്ഘളം സത്യമറിഞ്ഞസംഘ്യം
ജനങ്ങളുക്രിസ്തുവിൽ വിശ്വസിച്ചു. ൧൩

തിരുഹൃദയ

വാഗ്ദാനവ്യാഖ്യാനം.

(ജോസ്. എൽ. ശമ്മാശ്. മാവുങ്കൽ.)

അഞ്ചാം വാഗ്ദാനം.

"അവരുടെ സ്വപ്നഉദ്യമങ്ങളിലും ഞാൻ ധാരാളമായി അനുഗ്രഹങ്ങളെ വർഷിക്കും."

വാഗ്ദാനത്തിന്റെ പ്രാമാണ്യം:—ഈ വാഗ്ദാനത്തിന്റേയും മൂലഗ്രന്ഥം വി. മ. മഗ്ദലീത്താ തന്റെ ആദ്ധ്യാത്മീയോപദേഷ്ടാവിനു അയച്ചിട്ടുള്ള എഴുത്തുതന്നെയാണ്. അതു രണ്ടും മൂന്നും വാഗ്ദാനങ്ങളെപ്പോലെ,—"അവരുടെ ജീവിതാവസ്ഥയ്ക്കു ആവശ്യമുള്ള സകല വരപ്രസാദങ്ങളും ഞാൻ അവർക്കു പ്രദാനം ചെയ്യും."—എന്ന മൂന്നാമത്തെ വാഗ്ദാനത്തിന്റെ ഒരു വിശദീകരണമാകുന്നു. ഈ ആദ്യത്തെ അഞ്ചു വാഗ്ദാനങ്ങളേയും പറഞ്ഞു പ്രസ്താവിക്കുന്ന ലേഖന വിഭാഗത്തെ ഒരിക്കൽക്കൂടി ഇവിടെ ഉദ്ധരിച്ചു കൊള്ളട്ടെ. "ലോകത്തിലുള്ളവർ ഈ സ്നേഹത്തിന്റെ ഭക്തിവഴി അവരുടെ ജീവിതാവസ്ഥയ്ക്കാവശ്യമുള്ള സഹായങ്ങളേയും കണ്ടെത്തും"—അതായതു്, അവരുടെ കുടുംബങ്ങളിൽ സമാധാനവും, അവരുടെ പ്രയത്നങ്ങളിൽ ആശ്വാസവും, അവരുടെ സകല ഉദ്യമങ്ങളിലും സ്വർഗ്ഗീയാനുഗ്രഹവും, അവരുടെ സകല ബു

ദ്ധിമുട്ടുകളിലും സഹായവും, അവരുടെ ജീവിത കാലം മുഴുവനിലും സവ്വപ്രധാനമായി മരണനേരത്തും നിശ്ചയമുള്ള സങ്കേത സ്ഥാനവും ഈ തിരുഹൃദയത്തിലാണ് അവർ കണ്ടെത്തുന്നത്."

നമ്മുടെ ആദ്ധ്യാത്മീയ ആവശ്യങ്ങൾ:—ഈ വാശ്ദാനത്തിൽ ആത്മികവും ലൌകികവുമായ ഇരുവിധ ഉദ്യമങ്ങളും അന്തർഭവിച്ചിരിക്കുന്നു. അതിനാൽ പാപമോചനം, പുണ്യാഭിവൃദ്ധി, പാപികളുടെ മാനസാന്തരം, പരദേശവേദപ്രചാരണം, പുരോഹിത വിദ്യാഭ്യാസം, കത്തോലിക്കാ സമുദായ സേവനം മുതലായ സൽകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചെയ്യുന്ന സകല പ്രയത്നങ്ങളും തിരുഹൃദയത്തിനാധീനപ്പെട്ടതുമ്പോൾ അവ ദൈവത്താൽ പ്രത്യേകവിധത്തിൽ അനുഗ്രഹീതങ്ങളായിത്തീരുന്നു. എന്നാൽ നമുക്ക ഈ ദുശപരിശ്രമങ്ങളിലുണ്ടാകേണ്ടുന്ന പരമോദ്ദേശ്യം ദൈവ മഹിമയും ആത്മീയനന്മയും ആയിരിക്കണമെന്നുള്ളതു് അത്യന്താപേക്ഷിതംതന്നെ. പുറമെ ആദ്ധ്യാത്മികമായി കാണപ്പെട്ടുന്ന ജോലികളിലേപ്പെട്ടകയും വാസ്തവത്തിൽ തങ്ങളുടെ തനതു മഹിമയ്ക്കും വല്ല നിസ്സാര ലാഭത്തിനും മാത്രം അതിനെ നിറവേറ്റുകയും ചെയ്യുന്നവരുടെ കപടഭക്തിക്കു് ദൈവാനുഗ്രഹമുണ്ടാകുമെന്ന സംശയിക്കയേ വേണ്ടാ. നമ്മുടെ അപേക്ഷകൾ എന്തുകൊണ്ടു കേൽക്കപ്പെട്ടുന്നില്ല?

ഈ വാശ്ദാനം ലൌകികോദ്യമങ്ങളോടു ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ഇതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ഒരു സൂക്ഷ്മജ്ഞാനം ആവശ്യാവശ്യം ഉണ്ടായിരിക്കണം. നമ്മുടെ ലോകകാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിക്കണമെന്നു തനിക്കു നിർബന്ധമുണ്ടെന്നുള്ളതിനു സംശയമില്ല. "ഞങ്ങളുടെ അനുദിന ഭോജനം ഇന്നും ഞങ്ങൾക്കു തരേണമേ" എന്നു അപേക്ഷിക്കുന്നതിനു് താൻ നമ്മെ പഠിപ്പിച്ചില്ലയോ? തന്റെ അപ്പസ്തോലന്മാർ കൊടുങ്കാറ്റടിച്ചു ക്ഷോഭിച്ചിരുന്ന സമുദ്രമദ്ധ്യേ അവരുടെ ഉപജീവനത്തിനായി വലവീശി നിഷ്ഫലം കഴിച്ചപ്പോൾ അവർക്കു വളരെ മത്സ്യങ്ങൾ കിട്ടത്തക്കവണ്ണം അവരുടെ വേലയെ അവിടുന്നു ചൊവ്വേ നിയന്ത്രിച്ചില്ലയോ? ഇങ്ങനെ ഒക്കെ ആണെങ്കിലും നമ്മുടെ ലൌകിക കാര്യങ്ങൾക്കായി നാം ചെയ്യുന്ന പ്രാർത്ഥനകളും നേർച്ചകാഴ്ചകളുമെല്ലാം സവ്വദാ ഫലഭൂയിഷ്ഠങ്ങളായി പരിണമിക്കുന്നുവെന്നു അനുഭവം സാക്ഷ്യം വഹിക്കുന്നില്ല. അവ ക്രൂത്തൽ ഫലദായകങ്ങളായിത്തീരുന്നതിനു തിരുഹൃദയം സംരക്ഷണം എങ്ങിനെയാണു് നമ്മെ സഹായിക്കുന്നതു? ഭൌമിക വിജയങ്ങൾക്കായി നാം ചെയ്യുന്ന അപേക്ഷ നിരസിക്കപ്പെട്ടുന്നുവെങ്കിൽ അതു് അപേക്ഷകനിലോ, അ

ത്ഥിത വസ്തുവിലോ, പ്രാർത്ഥനയുടെ വിധത്തിലോ വന്നുപോയ വല്ല തെറ്റു മൂലവുമായിരിക്കാനേ വഴിയുള്ളു. അതിനാൽ ഈ ഓരോ കുറവിനേയും പരിഹരിക്കുന്നതിനു തിരുഹൃദയഭക്തി നമ്മെ എങ്ങിനെയാണ് സഹായിക്കുന്നതെന്നു കുറഞ്ഞൊന്നു വിചിന്തനം ചെയ്യാം.

ഫലസിദ്ധിക്കുള്ള പ്രതിബന്ധങ്ങൾ:—ഒന്നാമതു്, നമ്മുടെ ആത്മാവിൽ കൂടികൊള്ളുന്ന ചാവുദോഷം നമ്മുടെ യാചനകളുടെ ഫലപ്രാപ്തിക്കു പ്രകൃത്യാ തന്നെയുള്ള ഒരു പ്രതിബന്ധമാണ്. പാപി ദൈവ സന്നിധിയിൽ എത്തുന്നതു് ഒരു ബന്ധുവിനെപ്പോലെയല്ല, പ്രത്യുതഃ ഒരു ശത്രുവിനെപ്പോലെയത്രെ. ദൈവം തന്റെ കാരുണ്യാതിരേകത്താൽ ഈവിധ അപേക്ഷകളെ നിശ്ശേഷം പരിത്യജിക്കയില്ലെങ്കിലും, പാപഹീനരായ തന്റെ സ്നേഹിതരുടെ അർത്ഥനകളെ താൻ ക്രൂത്തൽ സന്തോഷത്തോടെ ശ്രദ്ധിക്കുന്നുവെന്നതു് ന്യായാനുസൃതംതന്നെ തിരുഹൃദയ ഭക്തന്മാർ പ്രകൃത്യാതന്നെ തന്റെ ഉത്തമ സ്നേഹിതന്മാരാണു്; കാരണം, തന്റെ സ്നേഹംമൂലം അവർ പാപത്തിൽ നിന്നുഴറിഞ്ഞു ജീവിക്കുകയോ, നിർഭാഗ്യവശാൽ വല്ലപ്പോഴും അതിൽ വീഴ്ന്നതിനിടയായാൽ തന്നെയും ഉടൻ അതിന്മേൽ മനസ്താപപ്പെട്ട പാപ സങ്കീർത്തനം ചെയ്യുകയോ ചെയ്യുന്നു.

രണ്ടാമതു്, തിരുഹൃദയഭക്തനായ ഒരാൾ അവന്റെ അപേക്ഷ കൈക്കൊള്ളപ്പെടേണ്ടതിനാവശ്യമായ നിസ്സന്ദേഹതയും ആദ്യന്തം പ്രദർശിപ്പിക്കുന്നു. ഈ വിശിഷ്ടഗുണം മറവക്കില്ല: അവർ ആരംഭത്തിലുതന്നെ നിരാശാഗർത്തത്തിൽ പതിക്കുന്നു. വീണ്ടും വീണ്ടും അപേക്ഷിക്കുന്നതിനും, കിട്ടുന്നതുവരെ ശരണസമേതം യാചിക്കുന്നിനും അവക്ഷമയില്ല.

അവസാനമായി, ദൈവം എളുപ്പത്തിൽ സന്മാനം ചെയ്യുകയുന്നവയെ മാത്രമെ തിരുഹൃദയ ഭക്തന്മാർ അപേക്ഷിക്കുന്നുള്ളു. എന്തെന്നാൽതിരുഹൃദയത്തിന്റെ നിസ്സീമമായസ്നേഹത്തിൽ ശരണപ്പെട്ടുകൊണ്ടു് തന്റെ തിരുമനസ്സിനു കീഴ്പ്പെടുത്തി അവർ തങ്ങളുടെ അർത്ഥനകളെ സമർപ്പിക്കുന്നു. ഈ ഗുണവും മറുതരക്കാക്കില്ല. "എങ്കിലും പിതാവെ! എന്റെ മനസ്സല്ല, അങ്ങേ തിരുമനസ്സു നിറവേറട്ടെ" എന്ന ദിവ്യരക്ഷകന്റെ അനുസരണപ്രകരണം അവരിൽ ലവലേശമില്ല. അവർ അപേക്ഷിക്കുന്ന കാര്യം അവക്കു ദോഷകരമായിരുന്നാലും ശരി, ദൈവാഭീഷ്ടത്തിനു വിരുദ്ധമായിരുന്നാലും ശരി അവരുടെ ഇഷ്ടം നടക്കണം.

നമ്മുടെ യഥാർത്ഥ ആവശ്യങ്ങൾ:—പ്രസ്തുത അവസാന വിശേഷണത്തെ സംബന്ധിച്ചു് ചില തെറ്റിദ്ധാരണകളുണ്ടു്. തിരുഹൃദയ

വാശാനം നമുക്ക് അനുഗ്രഹങ്ങളെയാണ്, നേരെമറിച്ച് വിജയങ്ങളെയല്ല പറഞ്ഞൊത്തിട്ടുള്ളതെന്ന് നാം പ്രത്യേകം ഗ്രഹിക്കണം. ഇവ രണ്ടും ഒരിക്കലും ഒരു പ്രകാരത്തിലും ഒന്നുതന്നെ ആകാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, ലൌകിക കാര്യങ്ങൾ സർവ്വദാ നമ്മുടെ ആത്മീയ കാര്യങ്ങൾക്ക് അധീനമായിരിക്കണം. എന്നാൽ ജീവിതാവശ്യങ്ങൾ ആപൽക്കരങ്ങളായി ഭവിക്കുകയോ, ദുസ്സഹനീയങ്ങളായ സങ്കടങ്ങൾ നേരിടുകയോ ചെയ്യുന്ന അവസരങ്ങളിൽ, രക്ഷകന്റെ സ്നേഹാലയമായ ഹൃദയത്തിൽ നിശ്ചലമായ ഭക്തിയുള്ളവൻ തന്റെ സംരക്ഷണയിൽ ഗാഢമായി വിശ്വസിക്കുന്നു.

ലൂർദ്ദ്.

(റവ. ഡോക്ടർ സിറിയക്ക് കാപ്പിൽ)

[ലൂർദ്ദുമാതാവിന്റെ തിരുനാൾ ഫെബ്രുവരി ൧൧-ാം തീയതി.]

സ്പെയിൻരാജ്യത്തിനും, ഫ്രാൻസിനുമദ്ധ്യേ പിരനീസുപർവ്വതങ്ങളുടെ താഴ്വരയിലുള്ള കുന്നുകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് ലൂർദ്ദ്. പ്രകൃതിയാൽത്തന്നെ ആകർഷണീയമായ ഈ സ്ഥലത്തേക്ക് ലോകത്തിന്റെ നാനാഭാഗത്തുനിന്നും ലക്ഷോപലക്ഷം തീർത്ഥയാത്രക്കാർ പോകുന്നതിനു ഇടയാക്കിയ സംഭവം സ്വഭാവാതീതമായ ഒന്നുതന്നെ.

൧൮൫൮-ാമാണ്ടു ഫെബ്രുവരിമാസം ൧൧-ാംനു- ലൂർദ്ദിലെ ഒരു ഉണ്ടിയൽകുടക്കാരന്റെ മകളും പന്ത്രണ്ടു-വയസ്സുപ്രായമുള്ളവളുമായ ബർണ്ണർദീത്താ തന്റെ ജ്യേഷ്ഠസഹോദരികളോടൊന്നിച്ചു ഗേവ്നദീതീരത്തു വിറകു പെറുക്കുകയായിരുന്നു. അവളുടെ സഹോദരികൾ എളുപ്പത്തിൽ നദിയിൽ ഇറങ്ങി മറുകര എത്തിയെങ്കിലും ആസ്മാരോഗബാധിതയായിരുന്ന ബർണ്ണർദീത്താ അല്പം സംശയിച്ചു നദീതീരത്തുനിന്നു. ആ അവസരത്തിൽ അടു

ത്തുണ്ടായിരുന്ന മസ്സാബെല്ലാ എന്ന ഗ്രഹയിൽനിന്നു് അവരം ഒരു ശബ്ദംകേട്ടു. പെട്ടെന്നു തിരിഞ്ഞു നോക്കുകയിൽ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീയേയാണു അവരം കണ്ടതു്. പരിഭ്രമത്തോടുകൂടി സാധുവായ ബണ്ണർദീത്താ മുട്ടിന്മേൽനിന്നു കൊണ്ടനമസ്കാരം എത്തിച്ചു തുടങ്ങി. ത്രീതപസ്വതി ചൊല്ലിയ അവസരത്തിൽ ആ സപത്നിരാജ്ഞി ആചാരപൂർവ്വം തല കുനിക്കുന്നതായി അവരം കണ്ടു. അല്പം കഴിഞ്ഞു് ആ സൌന്ദര്യവതി അപ്രത്യക്ഷയായി. ബണ്ണർദീത്തായുടെ സഹോദരികരം തിരിച്ചുവന്നപ്പോരം അവരുടെ കുഞ്ഞനുജത്തി ബിമ്മി ബിമ്മിക്കരഞ്ഞുതുടങ്ങി. മൂവരുംകൂടി വീട്ടിലേക്കു മടങ്ങി. ബണ്ണർദീത്താ മൌനാവലംബയായി. സന്ധ്യാനമസ്കാരസമയത്തു് അവരം വാവിട്ടു കരയുന്നതു കണ്ടു് അവളുടെ മാതാപിതാക്കന്മാർ വിവരം ചോദിച്ചു. അവരം കണ്ട കാഴ്ച പറഞ്ഞപ്പോരം അവളുടെ മാതാവു് അവളെ പ്രഹരിക്കാനാരംഭിക്കയും ഇനി ഒരിക്കലും ഗ്രഹയുടെ സമീപം പോകരുതെന്നു് ആജ്ഞാപിക്കയും ചെയ്തു. രണ്ടുദിവസത്തേക്കു് അവർ അങ്ങോട്ടു പോയില്ല. മൂന്നാംദിവസം അവളുടെ സഹോദരികരം അവളോടുകൂടി ഗ്രഹയ്ക്കൽ പോകുന്നതിനു് അനുവാദംചോദിച്ചു. മനസ്സില്ലാമനസ്സോടെ അനുവദിച്ചു. ഇത്തവണ അവർ ഒരു കൂപ്പി ഹാന്നാൻ വെള്ളത്തോടുകൂടിയാണു പോയതു്. ഗ്രഹാദ്വാരത്തിങ്കൽ അവർ സമീപിച്ചതും ബണ്ണർദീത്താ മുട്ടിന്മേൽനിന്നതും അവളുടെ മുഖത്തു സപത്നീയമായ ഒരു ശോഭയുണ്ടായതുമല്ലാതെ അവളുടെ സഹോദരിമാർ ഒന്നും കണ്ടില്ല. ബണ്ണർദീത്താ സപത്നീയരാജ്ഞിയെ കണ്ടു. അവരം ഹാന്നാൻവെള്ളം ആ രാജ്ഞിയുടെ നേരെ തളിച്ചപ്പോരം ആ സപത്നീയസ്ത്രീ മന്ദസ്മിതം തൂകി. ബണ്ണർദീത്തായുടെ സഹോദരികരം അവളുടെ ഭാവഭേദകച്ചകണ്ടു് അമ്പരന്നു നിലവിളിച്ചു തുടങ്ങി. അയൽക്കാരായ രണ്ടു സ്ത്രീകരം അവിടെ ഓടിയെത്തി. അവരും ബണ്ണർദീത്തായുടെ മുഖഭേദകണ്ടു ഭയപ്പെട്ടു. അവരുടെ പ്രായമായ പുത്രനെ വിവരം അറിയിച്ചു. അവനും ഒരുക്രസലും ക്രടാതെ പുറപ്പെട്ടെങ്കിലും ബണ്ണർദീത്തായെ കണ്ടപ്പോരം ധൈര്യമൊക്കെ പോടി കടന്നു. ഒരു പ്രകാരത്തിൽ അവരെല്ലാംകൂടി അവളെ എടുത്തു വീട്ടിൽ കൊണ്ടുപോയി. ഇത്തവണ അയല്പക്കാരില്ലായിരുന്നെങ്കിൽ അവളുടെ അ

മ്മ അവളെ പ്രഹരിക്കുമായിരുന്നു. കുറേദിവസത്തേയ്ക്കു് ബെണ്ണർദീത്തായെ അവർ പുറത്തേയ്ക്കയച്ചില്ല. എങ്കിലും ഈ അത്ഭുതവാർത്ത കണ്ണാകണ്ണികയാ നാടൊക്കെ പരന്നു. പട്ടണത്തിലെ് കലീനകളായ ചില സ്ത്രീകളുടെ അപേക്ഷപ്രകാരം ബെണ്ണർദീത്തായെ അവളുടെ മാതാവു ഗൃഹത്തിലേക്കു പോകുവാൻ അനുവദിച്ചു. ഇത്തവണ അവൾ ഒരു കടലാസ്സും, പെൻസിലുംകൂടി കൊണ്ടുപോയി. സ്പഷ്ടീയരാജ്ഞി പ്രത്യക്ഷയായ ഉടനെ "എന്താണു പറയാനുള്ളതെന്നു് എഴുതിത്തരണം" എന്നു ബെണ്ണർദീത്താ ആവശ്യപ്പെട്ടു. "എനിക്കു പറവാനുള്ളതു് എഴുതേണ്ട ആവശ്യമില്ല. മൂന്നു ദിവസം അടുപ്പിച്ചു നീ ഇവിടെ വരണം. നിന്നെ ഇഹത്തിലല്ലെങ്കിലും പരത്തിൽ ഞാൻ പരമാനന്ദയാക്കാം" എന്നു ആ സ്പഷ്ടീയരാജ്ഞി ഉത്തരം പറഞ്ഞു. അന്നുമുതൽ പഞ്ചേന്ദ്രിയങ്ങളുടെ പ്രയോഗംപോലും ഗൃഹത്തിൽ പോകാതിരിക്കുവാൻ ബെണ്ണർദീത്തായെ അനുവദിച്ചില്ല. അവൾ മുറയ്ക്കു പോയിത്തുടങ്ങി. ജനങ്ങളും ദിനംപ്രതി സംഘ്യയിൽ വർദ്ധമാനമായി അവളെ അനുഗമിച്ചു. എസ്സ്രേട്ട്, ഡൂസ്സസ് മുതലായ അജ്ഞാനികർ കളിയാക്കുന്നതിനായി പോയിട്ടു് ബെണ്ണർദീത്തായുടെ ഭാവഭേദം കച്ചു് കാണുമ്പോൾ മുട്ടിന്മേൽ നിൽക്കുകയാണുണ്ടായതു്. ആ അജ്ഞാനികളും നിരീശ്വരവാദികളുമായ പലരും വിശ്വാസികളായിത്തീർന്നു. ഏവ പ്രാവശ്യം ആ സ്പഷ്ടീയരാജ്ഞി ബെണ്ണർദീത്തായ്ക്കു പ്രത്യക്ഷപ്പെട്ടു അവളോടു പല കാര്യങ്ങളും ആജ്ഞാപിച്ചു. അവയെല്ലാം വിസ്തരിക്കുവാൻ പ്രയാസം. ഒരുപ്രാവശ്യം അവളോടു് ആ സ്പഷ്ടീയരാജ്ഞി അവൾ മുട്ടുകുത്തിയിരുന്ന ഉണങ്ങിയ ഭൂമിയിൽ കൈകൊണ്ടു മാന്തുമ്പോൾ ഉത്ഭവിക്കുന്ന ജലത്തിൽ നിന്നും കുടിക്കുന്നതിനു് ഉപദേശിച്ചു. ബെണ്ണർദീത്താ മാന്തുന്നതിനു നിലത്തു കൈവച്ചതും അത്ഭുതമായിട്ടു് ഉറവ പുറപ്പെട്ടതും ഒരുമിച്ചു കഴിഞ്ഞു. ആ ഉറവ ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്ന അത്ഭുതത്തിന്റെ ഉറവയായി തീർന്നിരിക്കയാണു്.

ജപാപ്പസ്താല സഭ്യം.

ഫെബ്രുവരിമാസത്തിലെ നിയോഗം

"കുത്തോലിക്കാവിദ്യാലയങ്ങൾ."



ക. മനുഷ്യന്റെ പ്രവൃത്തികൾ അവന്റെ ആശയങ്ങളെ അനുസരിച്ചിരിക്കും. ഉൽകൃഷ്ടാശയ സംപൂർണ്ണമായ ബോധത്തെ അനുസരിക്കുന്ന പ്രവർത്തികൾ അധമങ്ങളായിരിപ്പാൻ പ്രായേണ തരമില്ല. ദുഷിച്ച പരിസരങ്ങളിൽ വാക്കുന്ന കുട്ടികൾക്ക് നല്ല ആശയാദർശങ്ങൾ ലഭിക്കുന്നതിനും അവരുടെ പ്രവൃത്തികൾ നല്ലവയായിരിക്കുന്നതിനും പ്രയാസം. ഈ കാരണങ്ങളാൽ കുഞ്ഞുങ്ങളുടെ വളത്തലിൽ മുമ്പതലപ്പെട്ടവർ പ്രത്യേകം ശ്രദ്ധയും നോട്ടവുമുള്ളവരായിരിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു.

കുട്ടികളുടെ ബുദ്ധിയെ വികസിപ്പിച്ചു് അവരിൽ നവാനവങ്ങളായ ആശയബീജങ്ങളെ അങ്കുരിപ്പിക്കുന്നതിനുള്ള ഒരുമുഖ്യ രംഗമാണല്ലൊ വിദ്യാലയം. ഭാവിപൌരന്മാരായ ഇന്നത്തെകുട്ടികളിൽ സാമാന്യികവും, മതപരവും, രക്ഷാകരവുമായ ഉൽകൃഷ്ടാശയങ്ങൾ എത്ര കണ്ടു ദൃഢമൂലമായിരിക്കുമെ അത്രക്കും ശോഭനമായിരിക്കും, ഓരോവീട്ടിന്റേയും നാട്ടിന്റേയും സമുദായത്തിന്റേയും ഭാവി. വിദ്യാർത്ഥികൾക്കു വെറും ലൌകികവും പ്രാപഞ്ചികവുമായ വിദ്യാധനത്തെ നല്കുന്നതിനുമാത്രം ഉദ്ദേശിച്ചിരുന്ന ചില ഭരണമേധാവികൾക്കു അവരുടെ മൌഢ്യത്തിന്റെഫലം അനുഭവപ്പെട്ടിട്ടുണ്ട്. ദൈവത്തേയും മതത്തേയും അശ്ലേഷം അകറ്റിനിർത്തിയിരിക്കുന്നവിദ്യാലയങ്ങളിൽനിന്നു് രക്ഷാകരമായ ആശയങ്ങളും ആദർശങ്ങളും സിദ്ധിപ്പാൻ തരമില്ലതന്നെ-

ഒരു സ്ക്കൂൾ വേണ്ട ശ്രദ്ധയോടും നിഷ്ക്കർഷയോടുംകൂടി നടത്തപ്പെടുന്നവക്ഷം. സാമ്മാന്യവിദ്യാഭ്യാസം നല്കുന്നതിനു, അതിനു സാധിച്ചേക്കാം. എന്നാൽകേവലം സ്വാഭാവികമായതിനെ അധി സ്വാഭാവികവും രക്ഷാകരവുമാക്കിത്തീർത്തു, മനുഷ്യനെ അദ്ധ്യാൽമികജീവിയും സാക്ഷാൽ സമുദായസേവകനുമാക്കിച്ചെയ്യുന്ന യഥാർത്ഥ വിദ്യാഭ്യാസരൂപരിവർത്തനാശയങ്ങളും പ്രദാനംചെയ്യേണമെങ്കിൽ, കത്തോലിക്കാവിദ്യാലയങ്ങൾതന്നെവേണം. ഐറോപ്യരാജ്യങ്ങളിലെ കത്തോലിക്കർ അസാമാന്യ കഷ്ടനഷ്ടങ്ങൾസഹിച്ചുകൊണ്ടും സ്വന്തമായി വിദ്യാലയങ്ങൾ ഉണ്ടാക്കി നടത്തിപ്പോരുന്നതിന്റെ രഹസ്യവും മറ്റൊന്നുമല്ല. ഈ ദൃശ്യന്യായങ്ങൾകൊണ്ടാണു് കത്തോലിക്കാവിദ്യാലയങ്ങളുടെ കായ്ത്തിൽ പരിശുദ്ധപിതാവു് ഇത്ര ഉൽകണ്ഠ പ്രദർശിപ്പിച്ചുവരുന്നതു്. കായ്ം ഇത്രമാത്രം ഗൌരവമേറിയതായിരുന്നിട്ടും നമ്മുടെആളുകൾ ചിലസ്ഥലങ്ങളിൽ ധാരാളം പണം ചെലവാക്കി മതപഠനമില്ലാത്ത വിദ്യാലയലയങ്ങളെ നടത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നതു കേവലം അശ്രദ്ധാലോചനാശൂന്യമാണെന്നതുറന്നുപറയാതെ തരമില്ല.

എന്നാൽ കത്തോലിക്കരുടെ വകയായി ധാരാളം വിദ്യാലയങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം മതിയായില്ല. നിശ്ചിതസമയങ്ങളിൽ വേദപാഠം പഠിപ്പിച്ചതുകൊണ്ടോ, കത്തോലിക്കാ അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിപ്പിച്ചതുകൊണ്ടോ മാത്രം ഒരു വിദ്യാലയംകത്തോലിക്കാവിദ്യാലയമായി എന്നുപറയാനും പാടില്ല. മതപഠനം മാത്രമാണെങ്കിൽ അതുസാധിപ്പാൻ വേറെമാർഗ്ഗങ്ങൾഉണ്ടു്.

ഒരു സ്ക്കൂളിന്റെ ഭരണയന്ത്രം മുഴുവൻകത്തോലിക്കചൈതന്യമുള്ളതായെങ്കിലെ അതുസാക്ഷാൽ കത്തോലിക്കാവിദ്യാലയമായിരിക്കൂ! മഹാശയനായ ഫാ—ാം ലെയോമാപ്പാപ്പാതിരുമനസ്സുകൊണ്ടു് ഇങ്ങനെപറയുന്നു. "വിദ്യാലയം ക്രിസ്തീയഭക്തി വികാരങ്ങളെ ഉദ്ദീപ്തമാക്കണം. സ്ക്കൂളിൽ അഭ്യസിപ്പിക്കുന്ന എല്ലാ കലകൾക്കും ആകൃതിയും പ്രകൃതിയും ലഭിക്കേണ്ടതുമതത്തിൽ നിന്നാകുന്നു".

അതിനാൽ കത്തോലിക്കാ വിദ്യാലയങ്ങൾ എണ്ണത്തിൽ വർദ്ധിക്കുന്നതിനും കത്തോലിക്കാ അരുപിയിൽ നടത്തപ്പെട്ടു് യഥാർത്ഥകത്തോലിക്കാ യുവാക്കന്മാരെ സൃഷ്ടിക്കു നല്കുന്നതിനും വേണ്ട അനുഗ്രഹങ്ങൾഉണ്ടാകുവാനായി ഈ മാസത്തിൽ ഈ ശോയുടെ തിരുഹൃദയത്തോടുപ്രാർത്ഥിക്കുന്നു.

റവ. ഫാദർ മാത്യു അരിക്കളം.

(൨൯-ാം പക്ഷം തുടർച്ച)

വേറൊരുസംഗതി; നമ്മുടെ രക്ഷകൻ ദേവാലയത്തിൽ വച്ചു് ലോകത്തിനു വെളിപ്പെട്ടത്തപ്പെട്ടുവെന്നുള്ളതാണു്. ദേവാലയത്തിൽവച്ചു മിശിഹാ വെളിപ്പെടുത്തപ്പെടണമെന്നുള്ള ദൈവനിശ്ചയം അങ്ങനെ പ്രഥമ സന്ദർശനത്തിൽ തന്നെ ശിമയോൻവഴി സാദ്ധ്യമായി. എന്നാൽ ഈ വെളിപാടിന്റെ സാഹചര്യങ്ങളെ ആലോചിക്കുമ്പോൾ ഇതെത്ര മഹനീയമായ ഒന്നാണെന്നു് ഗ്രഹിക്കാവുന്നതാണു്. ഒന്നാമതായി ഓർശ്ലേമിലെ ഈ ആലയം വെളിപാടിന്റെ സ്ഥലവും പഴയനിയമത്തിന്റെ ആരാധനസ്ഥലമായ ദേവാലയവുമാണു്. ഈ സമയമോ എന്നാൽ ജനങ്ങൾ ധാരാളമായി വന്നുകൂടുന്ന ബലി അപ്പണത്തിന്റെ നേരവുമാണു്. വെളിപ്പെടുത്തിയ ആളുകൾ, സകലരാലും പൂജിക്കപ്പെട്ടവരും സുപ്രസിദ്ധരും പരിശുദ്ധരും ദൈവാലയത്തിൽ ശീലയപ്പെട്ടവരുമായ ശിമയോനും അന്നായുമാണു്. വെളിപാടിന്റെ വ്യാപ്തിയിൽ സകലവും അടങ്ങിയിരുന്നു. മിശിഹായുടെ ഉദ്യോഗവും അങ്ങേ മാഹാത്മ്യവും പ്രതാപവുമാണു് ശിമയോന്റെപ്രവചനവിഷയം. നമ്മുടെ രക്ഷകനെ "സകലജാതികളുടേയും രക്ഷ"കനെന്നാണു് സംബോധനചെയ്തിരിക്കുന്നതു്. അങ്ങനു് തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതാപവും പുറജാതികളുടെ വെളിച്ചവുമാണു്. ലോകചരിത്രവൃത്തത്തിന്റെ കേന്ദ്രസ്ഥാനത്താണു് മിശിഹാ സ്ഥിതിചെയ്യുന്നതു്. രക്ഷിക്കപ്പെടേണ്ടവർ അങ്ങയാൽ രക്ഷിക്കപ്പെടുകയും ശിക്ഷിക്കപ്പെടേണ്ടവർ പാപംമൂലം അങ്ങയോടെതിർക്കുന്നതിനാൽ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഇസ്രായേൽ യഥാർത്ഥമായ ഭക്തിയാലാണൊ അതോ കപടപൂർവ്വമായ സ്വാർത്ഥതയാലാണൊ നയിക്കപ്പെട്ടതെന്നുള്ളതു് അങ്ങയോടനുവർത്തിച്ചിട്ടുള്ള അവരുടെ രീതിയിൽ നിന്നുവെളിവാകുന്നതാണു്. ഇസ്രായേലിനെ സംബന്ധിച്ച ഈ അളവു് ലോകത്തെസംബന്ധിച്ചും ശരിയാണു്. കുരിശിന്മേൽ ആരംഭിച്ചആത്മമഹായുദ്ധംലോകത്തിന്റെ എല്ലാഭാഗത്തേക്കുംഎല്ലാക്കാലങ്ങളിലേക്കുംവ്യാപിച്ചിരിക്കുന്നു.മിശിഹായെസംബന്ധിച്ചിടത്തോളം നിഷ്പക്ഷനിലയൊരുവനുസാധിക്കുന്നതല്ല.അങ്ങേ മുമ്പാകെഎല്ലാവരുംഅവനവന്റെകക്ഷിയേതാണെന്നു് ഏറ്റുപറയേണ്ടിയിരിക്കുന്നു. വ്യക്തികളുടെ എന്നപോലെ ജാതികളുടേയും വഴികളുടെതിരുവിൽ മിശിഹാനിൽക്കുന്നു. നാശത്തിന്റെയും രക്ഷയുടേയും വഴിയെഅങ്ങനു് വ്യത്യാസപ്പെടുത്തിക്കാണിക്കുന്നു. അങ്ങേ കഷ്ടാനുഭവത്താലും മരണത്താലും ലോക

ത്തെ രക്ഷിക്കുയെന്നുള്ള മിശിഹായുടെ ഉദ്ദേശ്യം ശെമയോന്റെ ദീർഘദർശനത്തിൽ അടങ്ങിയിട്ടുണ്ട്. ഇതിലും ഉന്നതമായ ഒരു പ്രവചനത്തെ ഊഹിക്കുന്നതിനു സാധിക്കുന്നതല്ല. മിശിഹായെ സംബന്ധിക്കുന്ന ഉപദേശത്തിന്റെ ഒരു സംക്ഷേപമാണിത്. രൂഹാദകുദിശായാണു് ശെമയോനും അന്നായും മൂലം ലോകത്തോടു പറയുന്നതെന്നുള്ളതു് നമുക്കു് മറക്കാൻ പാടുള്ളതല്ല. മിശിഹായെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും അവർ അവരുടെ ഈ വാർത്തയെ അറിയിച്ചു. ഇതു ശോഭനമായ ഒരു വെളിപാടു് ഇതിനുമുമ്പു് ഉണ്ടായിട്ടില്ല.

വർത്തമാനക്കുറിപ്പുകൾ.

മാർപ്പാപ്പാതിരുമനസ്സിലെ ഗ്രുപ്പട്ടസ്വീകരണജൂബിലി അവസരത്തിൽ സർവ്വലോകത്തുടേയും മംഗളാശംസകൾ തിരുമേനിക്കു സിദ്ധിച്ചിരിക്കുന്നുവെന്നു കാണുന്നു. ഇക്കൂട്ടത്തിൽ ബ്രിട്ടീഷും ചക്രവർത്തി ജോർജ്ജു പഞ്ചമൻ തിരുമനസ്സുകൊണ്ടു മുതലായരാജക്കന്മാരും, ഫ്രാൻസ് ജെർമ്മനി മുതലായ ജനാധിപത്യ പ്രസിഡണ്ടന്മാരും അനേക രാജ്യങ്ങളിലെ ഗവർമ്മെൻറുകളും ജനങ്ങളും വൈദികസ്ഥാപനങ്ങളും സംഘങ്ങളും വ്യക്തികളും ഉൾപ്പെടുന്നതാണു്. തിരുവിതാംകൂർ മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടും ഈ ദിശമായ ഒരു മംഗളാശംസ അയച്ചിട്ടുള്ളതായി അറിയുന്നു.

മാർപാപ്പാ തിരുമനസ്സുകൊണ്ടു് ഇക്കഴിഞ്ഞ ഡിസംബർ ൨൦-൨൧ നു- ഇദംപ്രഥമമായി വത്തിക്കാൻ രാജ്യാതിർത്തി വിട്ടു് റോമയിലെ തെരുവുകളിൽ കൂടി, സഞ്ചരിച്ചു മാർപ്പാപ്പാമാരുടെ കത്തീഡ്റൽ പള്ളിയായ ലാത്തറാൻ ദേവാലയത്തിൽ പോയി വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. അൻപതുകൊല്ലത്തിനു മുൻപു് അനേക യുവവിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഒരുവനായി താൻ പട്ടം സ്വീകരിച്ച അതേ ബലിപീഠത്തിൽ വച്ചുതന്നെ അവിടുന്നു സർവജനങ്ങളുടേയും പിതാവു് എന്ന നിലയിൽ കുർബാന അനുഷ്ഠിച്ച അവസരത്തിൽ പരിശുദ്ധ പിതാവിനു ഒന്നിലധികം പ്രാവശ്യം ഗൽഗദമുണ്ടായതായും കണ്ണുനീരു ഒടിഞ്ഞതായും പറയപ്പെടുന്നു. അടുത്ത ദിവസമായ ൨൨ നു- പരിശുദ്ധപിതാവു വത്തിക്കാൻ ബസലീക്കയിൽ സാധാരണ രീതിയിലുള്ള ഒറ്റകുർബാനയായാണു ചൊല്ലിയതെങ്കിലും ൫൦ കർദ്ദിനാളന്മാരും നൂ-

ഗവൺമെൻറു പ്രതിനിധികളും അനേക മെത്രാന്മാരും മെത്രാപ്പോലീത്താമാരും നൂറോളം പരം ജനങ്ങളും തദവസരത്തിൽ ഹാജരുണ്ടായിരുന്നു.

മദ്രാസ് ആംഗ്ലിക്കൻ ബിഷപ്പായിരുന്ന ഡാക്ടർ കാൽഡ്വെൽ അവർകളുടെ പുത്രി, മിസസ് മെയിൻ എന്ന വനിതാരത്നം ഇക്കഴിഞ്ഞ ഡിസംബർ ഏഴാം നാ- കൊടേക്കനാലിൽ വച്ചു കത്തോലിക്കസഭയിൽ ചേർന്നിരിക്കുന്നു. ഡാക്ടർ കാൽഡ്വെൽ ഒരു വലിയ പണ്ഡിതനും ഒരു ദ്രാവിഡഭാഷാവ്യാകരണകർത്താവുമാകയാൽ ഈ നാട്ടിലും അദ്ദേഹത്തെപ്പറ്റി ധാരാളം പ്രസിദ്ധിയുള്ളതാണല്ലൊ. അദ്ദേഹത്തിൻറെ പരിശ്രമഫലമായി തെക്കെ ഇൻഡ്യയിൽ ധാരാളം പ്രോട്ടസ്റ്റൻറു മതപ്രചാരമുണ്ടായിട്ടുള്ളതാകയാൽ മകളുടെ ഈ മാനസാന്തരം അനേക പ്രോട്ടസ്റ്റൻറു വിശ്വാസികൾക്കു ചിന്താവിഷയമായി തീർന്നിരിക്കുന്നു. സത്യത്തിൻറെ രശ്മികൾ നന്മനസ്സുള്ളവരുടെ ഹൃദയങ്ങളിൽ കടക്കുന്നതു പലവിധത്തിലാണല്ലോ.

ചങ്ങനാശ്ശേരി ത്രുപതയിലെ വിശുദ്ധ പ്രൂംസിസ്സോസു മൂന്നാംസഭക്കാരുടെ പൊതുയോഗം ജനുവരി ഏഴ-ം തന്ന-ം തീയതികളിൽ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷത്തിൽ മംഗളമായി കഴിഞ്ഞു കൂടിയിരിക്കുന്നു. തദവസരത്തിൽ സുപ്പീരിയർ പെ. ബ. കയ്യംപ്ലാക്കൽ അബ്രാഹംഅച്ചൻ അവർകൾ വാർദ്ധക്യംമൂലം ജോലി രാജിവയ്ക്കുകയാൽ ആ ജോലി, അവധിയിലിരുന്ന റവ. ഫാദർ മാത്യു ആലക്കളം അവർകളെ ഏല്പിക്കുകയുണ്ടായി. മദ്ധ്യസ്ഥൻ പ്രസാധകനായ ഇദ്ദേഹത്തിനു ലഭിച്ചിരിക്കുന്ന ഈ പുതിയ സ്ഥാനം വഴി മൂന്നാംസഭക്കാരും മദ്ധ്യസ്ഥനും തമ്മിലുള്ളബന്ധം ഒന്നുകൂടി ദൃഢതരമാക്കിയിട്ടുണ്ടെന്നുള്ളതു വിശേഷാൽ പറയേണ്ടതില്ലല്ലൊ.

നി. വ. ദി. ശ്രീ. ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പ്രോഗ്രാമനുസരിച്ചു് കുറവിലങ്ങാട മുതലായ ഫൊറോനാകളിലേക്കു സക്കൂട്ടു പുറപ്പെട്ടിരിക്കുന്നു. ഫെബ്രുവരി ന്ന-ാം നാ- തിരിയെ എത്തുന്നതാണു്.

മദ്ധ്യസ്ഥൻ ആപ്പീസ് സുപ്രണ്ടും സ്ഥലം അനാഥശാലാ അസി. മാനേജരും ആയ റവ. ജേക്കബ് പൂവക്കുടി അവർകൾ ഈ കഴിഞ്ഞ ജനുവരി ന്ന=ാംനാ- ത്രുപ്പട്ടമേൽക്കുകയും അടുത്ത ദിവസമായ ൈ=ംനാ- മെത്രാസന ചാപ്പലിൽവച്ചു് നവപൂജ അണയ്ക്കുകയും ചെയ്തുണ്ടായി. ഉത്സാഹിയായ ഈ യുവവൈദികനു ഞങ്ങൾ സ്വീ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

ചങ്ങനാശ്ശേരിതുപതാംഗങ്ങളായ മെസ്സേഴ്സ് തറപ്പേൽമാണി, പൂവത്തോട്ട അഗസ്തി എന്നീ യുവാക്കന്മാർ ഉപരി വൈദിക വിദ്യാഭ്യാസത്തിനും, തദനന്തരം വിശാഖപട്ടണം തുപതയിൽ വേദപ്രചാരണം നടത്തുന്നതിനും അയിയാത്രതിരിച്ചിരിക്കുന്നു. വേദപ്രചാരണ മദ്ധ്യസ്ഥനായ വിശുദ്ധ യൌസേപ്പു് ഇവരെ സഹായിക്കുമാറാകട്ടെ.

ചങ്ങനാശ്ശേരി തുപത വകയായി സ്ക്കൂൾ ഫയിനൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രതിവർഷംനടത്താറുള്ളവേദപാഠമത്സരപരീക്ഷഅടുത്ത ഫെബ്രുവരി=ാംനു- നടത്തപ്പെടുന്നതാണു്. ഇതിൽ പ്രശസ്തമായി ജയിക്കുന്നവർക്ക് ഒരു വേതന സംഖ്യ കൊടുക്കുന്നതായിരിക്കും.

"പ്രത്യക്ഷ പത്രം" എന്ന പേരിൽ ഒരുലഘുലേഖ പ്രസിദ്ധീകരിക്കുകയാൽ സുപ്രസിദ്ധരായി തീർന്നിട്ടുള്ള മാരാമണ്ണു സ്വദേശികളിൽ നാലുപേരും തദീയ മിസ്സൻ മാത്തനും ഈ ജാനുവരി ഡിസം=ാം നു- ഞായറാഴ്ച, മാരാമണ്ണു കത്തോലിക്കാ ചാപ്പലിൽ വച്ചു് റവ. ഫാദർ ഡൊമിനിക്കു് തോട്ടാശ്ശേരി അവർകളാൽ സത്യസഭയിലേക്കു സ്വീകരിക്കപ്പെട്ടിരിക്കുന്നു.

അലുവായൂണിയൻ കോളജിൽ ഒരുപ്രൊഫസറായിരുന്ന മി. റോബിൻ എന്ന ധന ഈയിടെ കത്തോലിക്കാ മതാവലംബി ആയതായി നസ്രാണിദീപികയിൽ കാണുന്നു. അദ്ദേഹം കത്തോലിക്കനായി തന്നെ പ്രസ്തുത വിദ്യാലയത്തിൽ. ഉടമ്പടിപ്രകാരം ജോലിചെയ്യുന്നതിനു കാണിച്ച സമ്മതത്തെ അനാദരിച്ചതിൽ അധികൃതന്മാർ പ്രദർശിപ്പിച്ച വൈമുഖ്യം അത്ഭുതപ്പെടുത്തുന്നതായിരിക്കുന്നു.

റവ. ഫാദർ ഫിലിപ്പു മുരിക്കൽ അവർകളെ വേദപ്രചാരണ അസിസ്റ്റൻറു ഡയറക്ടറായി നിയമിച്ചിരിക്കുന്നു. വേദപ്രചാരണവിഷയത്തിൽ അത്യുത്സാഹിയായ ഈ വന്ദ്യ വൈദികനെ ഞങ്ങൾ ഹാർദ്ദവമായി അഭിനന്ദിക്കുകയും അദ്ദേഹത്തിനു് പുതിയ ഉദ്യോഗത്തിൽ സർവ്വവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്യുകൊള്ളുന്നു.

റവ. ഡാക്ടർ. സിറിയക്കു കാപ്പിൽ അവർകളുടെ "തീർത്ഥയാത്രാസ്മരണകൾ" ഫാദർസക്കറിയാസ് പൂവത്തുങ്കൽ അവർകളുടെ "ലേഖനമാലിക", മി. സി അന്തപ്പായിയുടെ "സുമാർഗ്ഗപ്രകാശിക" എന്നീ പുസ്തകങ്ങൾ അഭിപ്രായത്തിനു് അയച്ചുതന്നതു് കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

ഒരു തിരുത്തൽ.

ഡിസം=ാം പേജിൽ ഡാ=ാമത്തെ വരിയിലുള്ള "സാധുവാകുന്നതല്ലെ" എന്നതു് "സാധുവാകുന്നതല്ലല്ലോ" എന്നു തിരുത്തി വായിക്കേണ്ടതാണു്.

[മ. പ.]

പൂഞ്ഞാർ, പെരിങ്ങളം

കുരിശുമലകയറ്റം

പതിവനുസരിച്ചു ഇക്കൊല്ലവും വലിയ നോയമ്പിലെ ആദ്യ വെള്ളിയാഴ്ചയും നാല്പതാം വെള്ളിയാഴ്ചയും പുതുഞായറാഴ്ചയും ടി. മല യിൽ തീർത്ഥയാത്രക്കാർ കയറുന്നതായിരിക്കും. ഈ ദിവസങ്ങളിൽ കു ബ്ബാസാരിച്ചും കുർബ്ബാന കൈക്കൊണ്ടും കയറുന്നവർക്കു കാലം ചെയ്തു പൂ ള്ളശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പലപ്രത്യേക ദണ്ഡവി മോചനങ്ങളും കല്പിച്ചനുവദിച്ചിട്ടുണ്ട് തീർത്ഥയാത്രക്കാർക്കുവേണ്ട സൌ കര്യങ്ങൾ പാട്ടേപ്പാലെ ചെയ്തുകൊടുക്കുന്നതാണ്.

ഈ ആണ്ടിൽ കുരിശുമല കയറ്റം സംബന്ധിച്ചുള്ള പുതുക്കിയ റാഫ്തിതിരുനാൾ ശ്രീമാൻ കുഴുവേലിൽ തൊമ്മൻ അവർകൾ നടത്തു ന്നതാണെന്നുള്ള വിവരവും തീർത്ഥയാത്രക്കാരെ മുൻകൂട്ടി അറിയിച്ചുകൊ ള്ളുന്നു. എന്നു് പെരിങ്ങളം പള്ളിവികാരി.

ചരമവാർത്ത.

ചമ്പക്കുളം പൊറോന്നാപള്ളി ഇടവക അറുകടവിൽ നിക്കോ സ് അവർകളുടെ ഭാര്യ അന്നമ്മ അന്ത്യകൂദാശകളെല്ലാം സുബോധ ത്തോടെ കൈക്കൊണ്ടു നൂ—ാമത്തെ വയസ്സിൽ ജനുവരി നു=ാം നു= ചരമഗതി പ്രാപിച്ചിരിക്കുന്നു. ഈ ആളിന്റെ ആത്മാവുക്രിപ്പാൻ വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

ഉപകാരസ്മരണകൾ.

വിശുദ്ധ ഡോമിനിക്കു സാവ്യോയുടെ സഹായത്താൽ പ്രമാദമായ ഒരു കേസ്സു ജയിച്ചതിനുപകാര സൂചനയായി ഒരു രൂപാ അയക്കുന്നു.

ജോസഫ് ഭരണങ്ങാനം.

വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാ ധിച്ചതിനു് കൃതജ്ഞതയായി ഒരു രൂപാ അയക്കുന്നു.

കെ. എം. ജോസഫ് ചങ്ങനാശ്ശേരി.

പൂർത്തുമ്മാവിന്റെ സഹായത്തായ് ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞതയായി ഒരു രൂപാ അയക്കുന്നു. വി. ജെ. പൂക്കാ. കാവാലം.

സുഖക്കേടിലിരുന്ന എന്റെ മകളുടെ പ്രസവം, വിശുദ്ധ യൌ സേപ്പുപിതാവിന്റെ മദ്ധ്യസ്ഥത്താൽ സുഖമായി കഴിഞ്ഞുകിട്ടിയതിനു പകരമായിട്ടു ഒരു രൂപാ അയക്കുന്നു.

വൃദ്ധിയനടത്തിൽ ജോസഫ് എലിക്കുളം.

ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്.



വേദപ്രചാരത്തെ പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശിക്കുന്നതും ദീർഘമല്ലാത്തതും ആയലേഖനങ്ങൾ ആണ് ഇവിടെ ആവശ്യമുള്ളത്. ഭക്തിസംവർദ്ധകങ്ങളും കത്തോലിക്ക് തത്വപ്രതിപാദകങ്ങളുമായ ലേഖനങ്ങളും സ്വീകരിക്കപ്പെടും. ലേഖനങ്ങൾ കടലാസിന്റെ ഒരു വശത്തുമാത്രം വൃത്തിയായി എഴുതി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മദ്ധ്യസ്ഥൻ പത്രാധിപർ
അരമന, ചങ്ങനാശ്ശേരി.

വരിക്കാർക്കുവിജ്ഞാപനം.

മദ്ധ്യസ്ഥൻ രണ്ടാംപുസ്തകത്തിന്റെ എട്ടാം ലക്കവും ഇതാ പുറപ്പെട്ടിരിക്കുന്നു. ഏജന്റന്മാർവഴി മാസികവാങ്ങുന്നവർ ഒരണയും അഞ്ചൽമാർഗ്ഗമായി വാങ്ങുന്നവർ ഒരുരൂപായും കൃത്യമായിട്ടുതന്നെ അയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മകരം നാം-ാനെ-ള്ളകം പണം അടച്ചുതീർക്കാത്തവർക്കുടൻതന്നെ നിരക്കനുസരിച്ച് വി. പി. അയക്കുന്നതാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

മാനേജർ.

പഞ്ചാംഗം

ഫെബ്രുവരി - ഫ്വ.

ഇം.	മല.	
2.	20.	ഞാ ✠ (ഉദനഹാ. 4.) കദ്. 4. കദ്.
		പ. ക. മറിയത്തിന്റെ ശുദ്ധീകരണം.
7.	25.	ആദ്യവെള്ളി.
	27.	ഞാ ✠ ദൈന. 5—അറ. 5. മെസ്.
		അടുത്ത മൂന്നു ദിവ. മൂന്നോമ്പു. (ഇ. വി.)
	5.	ഞാ ✠ ഒ—ാം ഞാ. ശ്ലീനായ. കദ്. 6. അറ.
	12.	ഞാ ✠ ന്ാ—ാം ഞാ. അറ. ഒ. അറ. ശ്ലീനായ.
	17.	വെള്ളി

സെൻട്രൽബാങ്ക്(കൂപിപതം.) പാലാ

ഡിപ്പോസിറ്റുകൾ സ്വീകരിച്ചു താഴെ കാണുന്ന നിരക്കിൽ പലിശ കൊടുക്കും.

കറൻറു ഡിപ്പോസിറ്റു	ന	ശതമാ.
സേവിംഗ്സ്	ൽ	"
സ്ഥിരം മൂന്നുമാസത്തേക്ക്	ൽ	"
" ഒരു വർഷത്തേക്ക്	ൻ	"
" രണ്ടുവർഷത്തേക്കും അതിൽകവും	ക	"

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കയ്യാലക്കകത്തു ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ.

വാഗ്ഭടാനന്ദൻ കൊ. പാലാ.

പള്ളികളിലേക്ക് ആവശ്യമുള്ള കാസാ, കുപ്പായം, ധൂപക്കുറ്റി മുതലായവ എപ്പോഴും വിൽക്കുന്നതിനായി തയ്യാറാക്കി, ഉയർന്ന തരം പട്ടിൽ നിർമ്മിതമായ അലുക്കു കുടകൾ എപ്പോഴും സ്റ്റോക്കിൽ ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ എല്ലാത്തരം മുക്കുവേലകളും ഇംഗ്ലീഷ് ബാറ്ററിയുടെ സഹായത്താൽ വളരെ വൃത്തിയായി ചെയ്തുകൊടുക്കും.

വിലഏപ്പോഴും സഹായം. സാധനങ്ങൾ ഏറ്റവും ഉപകരിക്കും.

"തീർത്ഥയാത്രാസ് മരണകരം."

റവ. ഫാദർ സിറിയക്ക് കാപ്പിൽ, റോമിൽ താമസിച്ചിരുന്നകാലത്തും ഇതരോട്ടുള്ള മടക്കത്തിനും സന്ദർശിച്ച വിശുദ്ധസ്ഥലങ്ങളുടെ (ലൂർദ്ദ് ലിസ്യൂ-അസീസി പാലസ്തീൻ മുതലായ പലവിശുദ്ധസ്ഥലങ്ങളുടേയും) വിശദമായ വിവരണങ്ങൾ ക. ദി. മ. സ. വൈ. ബ. കൊ. ച്ചാണ്ടിയച്ചൻ അവർകളുടെ അവതാരികയോടും റവ. ഫാദർ പീഞ്ഞിക്കാരൻ എം. രഹ. വി. എച്ച്. ഡി. ഡി. ഡി. ഡി. സി എൽ. അവർകളുടെ ഉപസംഹാരത്തോടും പലതിരുസ്ഥലങ്ങളുടെപടങ്ങളോടുകൂടി തയ്യാറായിരിക്കുന്നു. വില അണ വുമാത്രം. ൨൫

മാനേജർ, മജൂസ്ഥൻ ആഫീസ് ിനു
ചങ്ങനാശേരി.

ളം.

Printed and published by Rev. Fr. *M. Alakalam* at St. Joseph's Orphanage Press, Changanacherry.